29
2025
ജൂലൈ
ചൊവ്വ
കർക്കിടകം 13

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.193 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-193 പേജ് 4. വില 2.00 രൂപ




02 25 കോടിയുടെ തിരുവോണം ബമ്പർ വിപണിയിൽ
03 കന്യാസ്ത്രീകളുടെ അറസ്റ്റ്: അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി കേരള എംപിമാർ
04 ഓണത്തിന് ഒരു ലക്ഷം പേർക്ക് തൊഴിൽ

# നമ്മുടെ കടലിനെ ആരു രക്ഷിക്കും

യേശുദാസ് വില്യം



കൊല്ലം: മേയ് മാസം ഇരുപത്തിയഞ്ചാം തീയതി കേരള തീരത്തു നിന്ന് 13.5 നോട്ടിക്കൽ മൈൽ അകലെ മുങ്ങിത്താഴ്ന്ന എംഎസ്സി എൽസാ 3 കപ്പലിൽ നിന്നും ഇതുവരെ അതിൽ ഉണ്ടായിരുന്ന ബങ്കർ എണ്ണയും, ഡീസലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന മുന്നൂറിലധികം കണ്ടെയ്നറുകളും നീക്കം ചെയ്യാനുള്ള യാതൊരു നടപടിയും ഇതുവരെ കൈക്കൊണ്ടിട്ടില്ല ഈ കുറിപ്പു തയ്യാറാക്കുമ്പോൾ ട്രോളിംഗ് നിരോധനം കഴിഞ്ഞു ആയിരക്കണക്കിനു യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകൾ കടലിലിറങ്ങുവാൻ ശേഷിക്കുന്നത് നാലു നാളുകൾ മാത്രമാണ്. മുങ്ങിയിരിക്കുന്ന കപ്പലിന്റെ സ്ഥിതി എന്താണന്നും കപ്പലിൽ ശേഷിക്കുന്ന കണ്ടെയ്നറുകളുടെ അവസ്ഥയെന്താണന്നും ആർക്കും അറിവില്ല. മൺസൂണിന്റെകടലിൽ ഉണ്ടാകുന്ന നീരൊഴുക്കും, അടിത്തട്ടിലെ ഉഴുതുമറിക്കലും എൽസ 3 എന്ന കപ്പലിനെ ഏതു അവസ്ഥയിലെത്തിച്ചിട്ടുണ്ടെന്നതു പ്രവചനാതീതം. മാരക അപകടമുള്ള കെമിക്കലുകൾ അടങ്ങിയ കണ്ടെയ്നറുകൾ കപ്പലിനെ വിട്ടു ദൂരത്തേക്കു ഒഴുകി മാറിയോ എന്നൊന്നും ഊഹം പോലുമില്ല. കപ്പൽ നീക്കം ചെയ്യുന്ന സാൽവേജ് ടീമിന് ഇപ്പോഴത്തെ അവസ്ഥയിൽ യാതൊരു ധാരണയുമില്ല. നോർവ്വേയിൽ നിന്നും വന്ന സാൽവേജ് കമ്പനിയെ കപ്പൽ കമ്പനി മൺസൂണിനു ശേഷം മതി കപ്പൽ നീക്കം എന്നു പറഞ്ഞ മടക്കി അയച്ചു. ആകെ ഉണ്ടായത് വിവിധ മാധ്യമങ്ങൾ വഴി സർക്കാരിൽ ഉണ്ടാക്കിയ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് എഫ്ഐആർ രേഖപ്പെടുത്തിയത്. എന്നാൽ ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് ബെഞ്ച് അഡ്മിറാലിറ്റി നിയമപ്രകാരം എംഎസ്സിയുടെ കപ്പൽ അറസ്റ്റ് ചെയ്തു സർക്കാരിനുണ്ടായ നഷ്ടം, മത്സ്യബന്ധന മേഖലയിൽ ഉണ്ടായ നഷ്ടം, പാരിസ്ഥിതിക ആഘാതം മൂലം ഉണ്ടായ നഷ്ടം, ഇതെല്ലാം കണക്കിലാക്കി തെളിവ് സഹിതം കോടതിയിൽ നിരത്തി സെക്യൂരിറ്റി കിട്ടുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സർക്കാരിനോടു നിർദേശിച്ചു. എന്നാൽ ഷിപ്പിംഗ് നിയമ വിദഗ്ധരായ അഭിഭാഷകരായോ, ഷിപ്പിംഗ് രംഗത്തുള്ളവരുമായോ ചർച്ച ചെയ്യാതെ പൊതുജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി മാത്രം 9350 കോടി രൂപ ആവശ്യപ്പെട്ട് എംഎസ്സിയുടെ ഒരു കപ്പൽ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇങ്ങനെ തെളിവുകൾ ഒന്നുമില്ലാതെ വെറുതെ ഒരു കപ്പൽ അറസ്റ്റ് നടത്തിയത് അഡാനി കമ്പനിയുമായും എംഎസ്സി കമ്പനിയുമായും ഉണ്ടാക്കിയ ഒരു പൊതു ധാരണയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ നിലനിൽക്കാത്ത സ്യൂട്ട് ഫയൽ ചെയ്തതെന്ന് പിന്നിടുള്ള നടപടികളിൽ നിന്നും ആർക്കും വ്യക്തമാവും. തുടർന്ന് എം എസ് സി യെ കൊണ്ട് തന്നെ 9350 കോടി രൂപ കെട്ടിവെക്കാനുള്ള സമ്മർദ്ദം ചെലുത്താതിരിക്കുകയും. സർക്കാർ നിലപാടിനു വിരുദ്ധമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കോടതിയിൽ പൊതു താല്പര്യഹർജികൾക്കു മേലെടുത്ത നിലപാടും തിരിച്ചടിയായി. ഇതോടെ എംഎസ്സി കപ്പൽ കമ്പനി ഫയൽ ചെയ്ത രണ്ടു ഹർജികളിൽ സർക്കാർ നൽകിയ അഡ്മിറാലിറ്റി സ്യൂട്ട് നിലനിൽക്കെല്ലെന്നും, സർക്കാർ ആവശ്യപ്പെട്ടനഷ്ടപരിഹാര തുക തുക നിയമപരമായിതന്നെ നിലനിൽക്കില്ലന്നും വാദമുഖങ്ങൾ ഉയർത്തുവാനായി.. ഹർജികളിലും വാദം കേൾക്കാനും വളരെ ഒരു ചെറിയ തുക മാത്രമേ കെട്ടിവയ്ക്കാൻ കഴിയൂ എന്നുള്ള എംഎസ്സി കമ്പനിയുടെ വാദത്തെ സർക്കാരിന്റെ അഡ്വക്കേറ്റ് ജനറൽ അംഗീകരിക്കുന്ന രീതിയിൽ ആയിരുന്നു കോടതിയിൽ പറയാതെ പറഞ്ഞത്. ഇതൊക്കെ എന്തിനു വേണ്ടിയാണ്. ആർക്കുവേണ്ടിയാണ്. ഇതിനിടയ്ക്ക് കപ്പലും മുങ്ങിയ ചരക്കുകളും നീക്കം ചെയ്യുന്നതിനുള്ള യാതൊരു നടപടിയും ഉണ്ടായില്ല. അതിനു ചെലവാകുന്ന തുക 1100 കോടിയാണ്. ആ തുക കപ്പൽ കമ്പനിയെ കൊണ്ടു സർക്കാരിൽ കെട്ടിവെക്കുവാനും കപ്പൽ നീക്കം ചെയ്യുവാനും സമ്മർദ്ദം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകാത്തതും വിചിത്രമാണ്.

കാര്യങ്ങൾ ഇങ്ങനെ ഇരിക്കെ എന്തെങ്കിലും ചെറിയ തുക കെട്ടിവച്ച് ഹൈക്കോടതിയിലുള്ള കേസുകൾ തീർപ്പാക്കി കപ്പൽ കമ്പനിയെയും അഡാനിയെയും കപ്പൽ ഇവിടുന്ന് എടുത്തു മാറ്റാതെ രക്ഷപ്പെടുത്താനുള്ള നിലപാടാണ് സർക്കാരും അഡ്വക്കേറ്റ് ജനറലും കോടതിയിൽ സ്വീകരിക്കുന്നതിൽ നിന്നും വ്യക്തമാവുന്നത്. മുങ്ങിയ കപ്പലും കണ്ടെയ്നറുകളും എണ്ണയും ഡീസലും നീക്കം ചെയ്യുന്നതിന് ആവശ്യമായ സാൽവേജിന് വരുന്ന തുക അതുപോലും സർക്കാർ അഡ്മിറാലിറ്റി സ്യൂട്ടിൽ ആവശ്യപ്പെട്ടിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായ നഷ്ടം ഈടാക്കാൻ പോലും തികയാത്ത ഒരു ചെറിയ തുക മാത്രമാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. അതുതന്നെ യാതൊരു തെളിവുകളുടെയും അടിസ്ഥാനത്തിൽ അല്ല.

ഓരോ വകുപ്പ് ഉദ്യോഗസ്ഥരും ഐഎസുകാരും അവർക്ക് തോന്നുന്ന അവരുടെ ഭാവനയിൽ യാതൊരു അടിസ്ഥാനവുമില്ലാതെ തിട്ടപ്പെടുത്തിയ തുകയാണിത്. ഒരിക്കലും ലഭിക്കാൻ സാധ്യതയില്ലാത്ത ഭീമമായ തുക ലഭിക്കുമോയെന്നു കോടതിയും ആശങ്ക പ്രകടിപ്പിച്ചു. സർക്കാർ അഡ്വക്കേറ്റ് ജനറൽ മുഖേന ഹൈക്കോടതിയിൽ ഫയൽ ചെയ്ത 9350 കോടി രൂപ കൊണ്ട് ഇതാണു മനസ്സിലാകുന്നത്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നഷ്ടപരിഹാര തുകയാണിത്.

ഈ വിഷയങ്ങളൊന്നും ആരും ഉയർത്താത്ത സ്ഥിതിക്ക് കപ്പലും കണ്ടെയ്നറുകളും കടലിൽ തന്നെ കിടക്കും. ട്രോളിംഗ് നിരോധനം കഴിയുമ്പോൾ ട്രോളറുകൾ ചാകരക്കോളു കൊയ്യാൻ കടലിലേക്കു കുതിക്കും. ദാരിദ്ര്യം കൊണ്ടു ദായക്രമം മറന്ന ബോട്ടു ഓപ്പറേറ്റേഴ്സ് കടം മേടിച്ചും, പണയം വച്ചും, ലോണെടുത്തും ഡീസലുമടിച്ചു ബോട്ടുകൾ കടലിലിറക്കും. അടിത്തട്ടിൽ ഉഗ്രസ്ഫോടനശേഷിയുള്ള കെമിക്കലുകൾ നിറച്ച കണ്ടെയ്നറുകൾ മൈനുകൾപെലെ അറബിക്കടലിന്റെ ഫിഷിംഗ് ഗ്രൗണ്ടുകളിൽ പതിയിരിക്കുന്നില്ലന്ന് ആർക്കറിയാം. അപകടവും ലക്ഷങ്ങളുടെ നഷ്ടവും പെട്ടു പോകുന്ന ബോട്ടുകൾക്കും മാത്രമാവും. ഇവർക്കുവേണ്ടി ചോദിക്കുവാനും പറയാനും ഇവിടെ ആരുണ്ട്. അതെ, നമ്മുടെ കടലിനെ ആരാണു രക്ഷിക്കേണ്ടത്.

## കോടതിയെ സമീപിക്കുമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

തിരുവനന്തപുരം: കോർപ്പറേഷനിലെ വാർഡ് വിഭജനത്തിൽ തീരദേശ വാർഡുകളെ മാത്രം തരംതിരിച്ച് ഓരോ വാർഡിലെയും വോട്ടർ പട്ടികയിൽ അധികമായി വോട്ടർമാരുടെ എണ്ണം കൂട്ടിയത് തീരദേശ ജനതയോട് അവഗണനയാണ് കാണിച്ചതെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ കമ്മിറ്റി. കോർപ്പറേഷൻ വാർഡ് വിഭജന വോട്ടർമാരുടെ പട്ടികയിൽ തീരദേശ വാർഡുകളായ പൂന്തുറ, ബീമാപള്ളി, വെട്ടുകാട് തുടങ്ങിയ സ്ഥലങ്ങളിൽ പതിനായിരം മുതൽ പതിനാറായിരം വരെ വോട്ടർമാരുള്ളപ്പോൾ ഏഴായിരത്തിൽ താഴെയാണ് മറ്റു വാർഡുകളിലെ വോട്ടർമാർ. ചില വാർഡുകൾ 3000 താഴെയാണ് വോട്ടർമാർ ഇത് തികച്ചും മത്സ്യതൊഴിലാളികളുടെ വികസനത്തെ ഗുരുതരമായി ബാധിക്കുകയാണന്ന് ഫെഡറേഷൻ. വോട്ടർമാരുടെ ആനുപാതികമായി വാർഡ് വിഭജനം നടത്തി പുനക്രമീകരിക്കണമെന്നും അല്ലാത്തപക്ഷം കോടതി സമീപിക്കുമെന്ന് യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി സ്റ്റെല്ലസ്.

യോഗത്തിൽ ജില്ലാ പ്രസിഡന്റ് വിഴിഞ്ഞം പനയടിമ ജോൺ അധ്യക്ഷത വഹിച്ചു. സംസ്ഥാന ചീഫ് കോർഡിനേറ്റർ ഡോക്ടർ: എഫ് എം ലാസർ, വനിതാ കോഡിനേറ്റർ റെജീന ഇഗ്നേഷ്യസ്, വിഴിഞ്ഞം ജോൺസൺ, പൂന്തുറ മണിയൻ, ബീമാ പള്ളി റംല ബീവി, വലിയതുറ അച്ചാമ്മ, അമല പോൾ അൽഫോൺസിയ വെട്ടുകാട്. കൊച്ചു തോപ്പ് ജൂബിറ്റ്, എന്നിവർ യോഗത്തിൽ സംസാരിച്ചു.

## 'കന്യാസ്ത്രീകളുടെ അറസ്റ്റ് വേദനാജനകം; ക്രൈസ്തവർ ജീവിക്കുന്നത് ഭയത്തിൽ

കൊച്ചി : രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ ഭയന്നാണു ജീവിക്കുന്നതെന്നു കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത്. ഛത്തീസ്ഗഡിൽ 2 മലയാളി കന്യാസ്ത്രീകൾ അറസ്റ്റിലായതു പോലുള്ള സംഭവങ്ങൾ മൂലമാണ് ഇതെന്നും നേരത്തേ ജബൽപ്പൂരിൽ പുരോഹിതർ ആക്രമിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭരണഘടന അനുവദിക്കുന്ന മതസ്വാതന്ത്ര്യം ഹനിക്കപ്പെടാൻ പാടില്ലെന്നും സംരക്ഷണം വേണമെന്നും ആവശ്യപ്പെട്ടു പ്രധാനമന്ത്രിയുടെയും ആഭ്യന്തര മന്ത്രിയുടെയും ഓഫിസുകളിൽ ബന്ധപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കന്യാസ്ത്രീമാരുടെ അറസ്റ്റ് വേദനാജനകമെന്നു സിബിസിഐ പ്രസിഡന്റ് പറഞ്ഞു. ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്ന രീതിയിലാണു പെരുമാറ്റമുണ്ടായത്. ആഗ്രയിൽ നടത്തുന്ന ആശുപത്രിയിലേക്കു ജോലിക്കാരെ നോക്കിയിരുന്നു. അങ്ങനെയാണു മുതിർന്ന 3 പെൺകുട്ടികളെ കൊണ്ടുവരാൻ കന്യാസ്ത്രീകൾ! പോയത്. എന്നാൽ കന്യാസ്ത്രീമാരെ ആ വേഷത്തിൽ കണ്ടപ്പോൾ ആരോ റെയിൽവേ സ്റ്റേഷനിൽ നിന്നു ബജ്!റങ്ദൾ പ്രവർത്തകരെ വിവരമറിയിക്കുകയായിരുന്നു. മനുഷ്യക്കടത്താണ് ആദ്യം എഫ്ഐആറിൽ ഉണ്ടായിരുന്നത്. നിർബന്ധിത മതപരിവർത്തന നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിലും കുറ്റം ചുമത്തിയിട്ടുണ്ട് എന്നാണ് ഇപ്പോൾ അറിയുന്നത്. ഇതു ജാമ്യം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാക്കും. കുഷ്ഠരോഗികളെ ശുശ്രൂഷിക്കാനടക്കം മുന്നിലുണ്ടായിരുന്നവരാണു സന്യാസിനി സമൂഹമെന്നും അദ്ദേഹം പറഞ്ഞു.

ആരു ഭരിച്ചാലും മതസ്വാതന്ത്ര്യം ഹനിക്കപ്പെടാൻ പാടില്ല. തീവ്രസ്വഭാവമുള്ള ഗ്രൂപ്പുകളെ നിയന്ത്രിക്കണം. പാർലമെന്റിൽ വിഷയം ഉന്നയിച്ച എംപിമാരോട് നന്ദി പറയുന്നു. ക്രൈസ്തവർക്കും ഭാരതത്തിൽ സ്വാതന്ത്ര്യത്തോടെ കഴിയണം. അറസ്റ്റിലായ കന്യാസ്ത്രീമാരെ എത്രയും വേഗം മോചിപ്പിക്കുകയും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും വേണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കാരണം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ ഭയത്തിലാണു കഴിയുന്നതെന്നും മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു

## വൈക്കത്ത് വള്ളംമറിഞ്ഞുണ്ടായ അപകടം; നേവിയുടെ സഹായം തേടും

കോട്ടയം: വൈക്കത്ത് വള്ളംമറിഞ്ഞ് കാണാതായ ആളെ കണ്ടെത്തുന്നതിനായി തെരച്ചിൽ ഊർജിതമാക്കി. ചെമ്പിനു സമീപം തുരുത്തേൽ മുറിഞ്ഞപുഴയിൽ 20 പേരുമായി പോയ വള്ളമാണ് അപകടത്തിൽപ്പെട്ടത്. കാണാതായ പാണാവള്ളി സ്വദേശി കണ്ണനെ കണ്ടെത്തുന്നതിനായി നേവിയുടെ സഹായം തേടുമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. അപകടത്തിൽപ്പെട്ട അഞ്ച് പേരെ രക്ഷിച്ച ശേഷമാണ് കണ്ണനെ കാണാതായത്. കാട്ടിക്കുന്നിലെ മരണ വീട്ടിൽ നിന്ന് തിരിച്ചു പോകുന്നവരുമായി പോയ വള്ളമാണ് അപകടത്തിൽപ്പെട്ടത്. അപകടത്തിൽ നിന്ന് രക്ഷപ്പെട്ടവർ വൈക്കം താലൂക്ക് ആശുപത്രിയിൽ ചികിത്സതേടി.

## കന്യാസ്ത്രീകളുടെ അറസ്റ്റ് വേദനയുണ്ടാക്കുന്നത് ആര് ഭരിച്ചാലും മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെന്ന് സിബിസിഐ

തൃശൂർ: ഛത്തീസ്ഗഡിൽ വച്ച് രണ്ട് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവം വേദനയുണ്ടാക്കുന്നതെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി(സിബിസിഐ) അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്. മതസ്വാതന്ത്രമുള്ള രാജ്യത്താണ് ഇത് സംഭവിച്ചതെന്നത് ഗൗരവകരമാണെന്ന് അദ്ദേഹം പ്രതികരിച്ചു.

പാവങ്ങൾക്കായി നിലകൊള്ളുന്ന കന്യാസ്ത്രീകളാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. ബജ്റംഗ്ദൾ പ്രവർത്തകരാണ് കന്യാസ്ത്രീകളെ ആക്രമിച്ചത്. ഇത് ഭരണഘടനയ്ക്ക് എതിരായ പ്രവർത്തനമാണ്.

ഭാരതം ആര് ഭരിച്ചാലും മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. കേരളത്തിലെ എംപിമാർ പാർലമെൻറിന്റെ ശ്രദ്ധയിൽ വിഷയം കൊണ്ടുവന്നതിന് നന്ദിയുണ്ട്. ഇത്തരം കാര്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള സാഹചര്യം ഉണ്ടാകണം.

എല്ലായിടത്തും നന്മയും തിന്മയുമുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ ഭയത്തിലാണ് ജീവിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ നേരത്തേ തന്നെ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## അജിത്കുമാറിനെ പോലീസിൽ നിന്നും മാറ്റി; പുതിയ നിയമനം എക്സൈസ് കമ്മീഷണറായി

തിരുവനന്തപുരം: എഡിജിപി എം. ആർ. അജിത്കുമാറിനെ എക്സൈസ് കമ്മീഷണറായി നിയമിച്ച് സർക്കാർ ഉത്തരവിറക്കി. നിലവിലെ എക്സൈസ് കമ്മീഷണർ മഹിപാൽ യാദവ് അവധിയിൽ പ്രവേശിച്ചതിനാലാണ് പുതിയ നിയമനം.

ശബരിമലയിലെ ട്രാക്ടർ വിവാദത്തെ തുടർന്നാണ് അജിത് കുമാറിനെ പോലീസിൽ നിന്നും മാറ്റാൻ തീരുമാനിച്ചത്. നവഗ്രഹ പ്രതിഷ്ഠാ ദർശനത്തിനായി ശബരിമലനട തുറന്നപ്പോൾ അജിത്കുമാർ പമ്പയിൽ നിന്നും സന്നിധാനത്തേക്ക് ട്രാക്ടറിൽ യാത്ര ചെയ്തത് വിവാദമായിരുന്നു.



## ദിവ്യ ദേശ്മുഖിന് വനിതാ ചെസ് ലോകകപ്പ് കിരീടം

ബറ്റുമി (ജോർജിയ): ഫിഡെ വനിതാ ചെസ് ലോകകപ്പ് കിരീടമുയർത്തി ഇന്ത്യയുടെ ദിവ്യ ദേശ്മുഖ്. ആവേശകരമായ മത്സരത്തിൽ ഇന്ത്യയുടെ കൊനേരു ഹംപിയെ കീഴടക്കിയാണ് ദിവ്യയുടെ നേട്ടം. ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യ ലോകകപ്പ് കിരീടം ഉയർത്തുന്നത്.

ടൈബ്രേക്കറിലാണ് കൊനേരു ഹംപിയെ ദിവ്യ കീഴടക്കിയത്. ശനി, ഞായർ ദിവസങ്ങളിൽ നടന്ന മത്സരങ്ങൾ സമനിലയിൽ അവസാനിച്ചതോടെയാണ് വിജയിയെ കണ്ടെത്താൻ ടൈബ്രേക്കർ വേണ്ടിവന്നത്.



# പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് കാൻസർ പ്രതിരോധ വാക്സിൻ

## മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

സംസ്ഥാനത്ത് ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് എച്ച്പിവി വാക്സിനേഷൻ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരാഴ്ചയ്ക്കകം ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് വാക്സിൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കും. സ്ത്രീകളെ ഏറ്റവും അധികം ബാധിക്കുന്ന കാൻസറുകളിലൊന്നാണ് ഗർഭാശയഗള കാൻസർ. 9 മുതൽ 14 വയസുവരെയാണ് എച്ച്പിവി വാക്സിൻ ഏറ്റവും ഫലപ്രദം. അതേ സമയം 26 വയസുവരെ എച്ച്പിവി വാക്സിൻ നൽകാം. വാക്സിൻ കൊണ്ട് പ്രതിരോധിക്കാൻ സാധിക്കുന്നതാണ് ഗർഭാശയഗള കാൻസർ. ഇത് മുന്നിൽ കണ്ടാണ് മുഖ്യമന്ത്രിയുടെ നിർദേശാനുസരണം സംസ്ഥാനം സുപ്രധാന തീരുമാനം എടുത്തതെന്നും മന്ത്രി വ്യക്തമാക്കി.ഗർഭാശയഗള കാൻസർ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാനായി സംസ്ഥാനം വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എച്ച്പിവി വാക്സിനേഷൻ സംബന്ധിച്ച അവബോധ ക്യാമ്പയിനും സംഘടിപ്പിക്കും. ടെക്നിക്കൽ കമ്മിറ്റിയുടെ മാർഗനിർദേശമനുസരിച്ചായിരിക്കും അവബോധ സന്ദേശങ്ങൾ തയ്യാറാക്കുക. പ്ലസ് വൺ, പ്ലസ് ടു തലത്തിലെ കുട്ടികളായതിനാൽ സ്കൂൾ തലത്തിൽ പ്രത്യേക അവബോധം നൽകും. ഇതോടൊപ്പം രക്ഷകർത്താക്കൾക്കും അവബോധം നൽകും.

കാൻസർ പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് ശക്തമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കാൻസർ കെയർ ഗ്രിഡ് രൂപീകരിച്ച് രോഗനിർണയവും ചികിത്സയും ഏകോപിപ്പിച്ചു. കാൻസർ പ്രതിരോധത്തിന്റെ ഭാഗമായി 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചു. 17 ലക്ഷത്തിലധികം പേർ സ്ക്രീനിംഗ് നടത്തി. ക്യാമ്പയിൻ കൂടുതൽ ശക്തിപ്പെടുത്താൻ മന്ത്രി നിർദേശം നൽകി.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എസ്.എച്ച്.എ. എക്സിക്യൂട്ടീവ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, എംസിസി, സിസിആർസി ഡയറക്ടർമാർ, ആർസിസി ഗൈനക്കോളജി വിഭാഗം മേധാവി, ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർ, ആരോഗ്യ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




25 കോടി രൂപ ഒന്നാം സമ്മാനം നൽകുന്ന തിരുവോണം ബമ്പർ ഭാഗ്യക്കുറി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ പ്രകാശനം ചെയ്യുന്നു. എം.എൽ.എമാരായ ആന്റണി രാജു, വി കെ പ്രശാന്ത്, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ എബ്രഹാം റെൻ, ലോട്ടറി വെൽഫെയർ ബോർഡ് ചെയർമാൻ ടി ബി സുബൈർ എന്നിവർ സമീപം

# 25 കോടിയുടെ തിരുവോണം ബമ്പർ വിപണിയിൽ

25 കോടി രൂപ ഒന്നാം സമ്മാനം നൽകുന്ന തിരുവോണം ബമ്പർ ഭാഗ്യക്കുറി വിപണിയിൽ എത്തി. സംസ്ഥാന ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലാണ് തിരുവനന്തപുരത്ത് ടിക്കറ്റ് പ്രകാശനം ചെയ്തത്. ആയിരക്കണക്കിന് ഭാഗ്യശാലികളെ സൃഷ്ടിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി ഒരു ലക്ഷത്തോളം പാവങ്ങളുടെ ജീവിത മാർഗവും അത്താണിയുമാണന്ന് ചടങ്ങിൽ മന്ത്രി പറഞ്ഞു. 25 കോടി സമ്മാനത്തുക നൽകുന്ന വിദേശ ലോട്ടറി വാങ്ങാൻ ഏകദേശം 15,000 രൂപ വേണമെന്നിരിക്കെ അതേ സമ്മാനത്തുകയുള്ള കേരള ഭാഗ്യക്കുറി വാങ്ങാൻ കേവലം 500 രൂപ മാത്രം മതി. നടത്തിപ്പിലെ സുതാര്യതയും വിശ്വാസ്യതയുമാണ് കേരള ഭാഗ്യക്കുറിയെ ഇത്രയേറെ ജനകീയമാക്കിയതെന്നും മന്ത്രി പറഞ്ഞു.

രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം 20 പേർക്കും മൂന്നാം സമ്മാനമായി 50 ലക്ഷം വീതം 20 പേർക്കും നാലാം സമ്മാനമായി അഞ്ചുലക്ഷം വീതം 10 പരമ്പരകൾക്കും അഞ്ചാം സമ്മാനമായി രണ്ടു ലക്ഷം വീതം 10 പരമ്പരകൾക്കും നൽകുന്നു എന്നതാണ് തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ വലിയ പ്രത്യേകത. കൂടാതെ 5,000 മുതൽ 500 രൂപ വരെ സമ്മാനമായി നൽകുന്നുമുണ്ട്.ആന്റണി രാജു എം എൽ എ അധ്യക്ഷനായ ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ യും പങ്കെടുത്തു. ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ എബ്രഹാം റെൻ സ്വാഗതം പറഞ്ഞു. ലോട്ടറി വെൽഫെയർ ബോർഡ് ചെയർമാൻ ടി ബി സുബൈർ, ഭാഗ്യക്കുറി വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരും സംബന്ധിച്ചു.

# മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ – ഓൺലൈൻ അലോട്ട്മെന്റ്

2025-26 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (ങഇഅ ഞലഴൗഹമൃ) കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാനഘട്ട ഓൺലൈൻ അലോട്ട്മെന്റ് ജൂലൈ 31ന് നടത്തും. മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ, ഇതുവരെ അലോട്ട്മെന്റ് ലഭിച്ചതും ലഭിക്കാത്തതുമായ എല്ലാവർക്കും ഓൺലൈൻ ഓപ്ഷൻ സമർപ്പണം www.lbscentre.kerala.gov.in വെബ്സൈറ്റ് വഴി ജൂലൈ 28 മുതൽ 30 വരെ നടത്താം. എൽ.ബി.എസ് നടത്തിയ മുൻ അലോട്ട്മെന്റുകളിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ അപേക്ഷകർ ആ കോളേജിൽ നിന്നും അലോട്ട്മെന്റിൽ പങ്കെടുക്കാൻ അനുവദിച്ചുകൊണ്ടുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഓപ്ഷൻ സമർപ്പണ സമയത്ത് നിർബന്ധമായും ഓൺലൈൻ ആയി സമർപ്പിക്കണം. എല്ലാ വിഭാഗക്കാർക്കും ഈ അലോട്ട്മെന്റിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361,

# മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡയറ്റീഷ്യൻെറ താത്കാലിക ഒഴിവിലേക്ക് അപേക്ഷിക്കാം

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എൻഡോക്രൈനോളജി വിഭാഗത്തിന് കീഴിൽ ഐസിഎംആർ പദ്ധതിയിലെ ഡയറ്റീഷ്യൻ തസ്തികയിലേക്ക് നിയമനം നടത്തും. ഒരൊഴിവാണ് ഉള്ളത്. പ്രായപരിധി 35 വയസ്. യോഗ്യത: 1) സയൻസ് ഡിഗ്രി. 2) പിജി ഡിപ്ലോമ ഇൻ ഡയറ്റെറ്റിക്സ് അല്ലെങ്കിൽ ന്യൂട്രീഷൻ ആൻഡ് ഡയറ്റെറ്റിക്സ് ഡിഗ്രി അല്ലെങ്കിൽ നഴ്സിംഗ് ഡിഗ്രി. ബന്ധപ്പെട്ട വിഷയത്തിൽ മൂന്ന് വർഷത്തെ പരിചയവും ആവശ്യമാണ്.

ഇതിന് പകരം, ബന്ധപ്പെട്ട വിഷയങ്ങളിൽ എം.എസ്.സി ഉള്ളവർക്കും അപേക്ഷിക്കാം. ഐസിഎംആർ, സെൻട്രൽ ഗവൺമെന്റ്, സ്റ്റേറ്റ് ഗവൺമെന്റ് പദ്ധതികൾ അല്ലെങ്കിൽ ക്ലിനിക്കൽ ട്രയലുകളിൽ ഡയറ്റീഷ്യൻ അല്ലെങ്കിൽ സ്റ്റാഫ് നഴ്സ് ആയി കുറഞ്ഞത് രണ്ട് വർഷത്തെ ഗവേഷണ പരിചയം അഭിലഷണീയം. കൂടുതൽ വിവരങ്ങൾക്ക്: 0471 2528855, 2528055.

# എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ് ഡിപ്ലോമ

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നഎസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് പ്ലസ്ടു/ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തും. അപേക്ഷാഫോമും പ്രോസ്പെക്ടസും തിരുവനന്തപുരം നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽനിന്നും ലഭിക്കും. ഫോൺ: 0471-2570471, 9846033001. https://app.srccc.in/register എന്ന ലിങ്കിൽ ആഗസ്റ്റ് 10നകം അപേക്ഷിക്കണം. വിശദാംശങ്ങൾക്ക്: www.srccc.in.

# ഗോവിന്ദച്ചാമിയുടെ ജയിൽചാട്ടം; കണ്ണൂർ സെൻട്രൽ ജയിൽ അസിസ്റ്റൻറ് സൂപ്രണ്ടിന് സസ്പെൻഷൻ

കണ്ണൂർ: കൊടുംകുറ്റവാളി ഗോവിന്ദച്ചാമി ജയിൽചാടിയ സംഭവത്തിൽ കണ്ണൂർ സെൻട്രൽ ജയിൽ അസിസ്റ്റൻറ് സൂപ്രണ്ട് റിജോ ജോണിന് സസ്പെൻഷൻ. ജയിൽ മേധാവി ബൽറാം കുമാർ ഉപാധ്യായയാണ് സസ്പെൻഡ് ചെയ്തത്. അന്വേഷണവിധേയമായി നേരത്തെ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. അന്ന് രാത്രി ജയിലിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ രജീഷ്, അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരായ സഞ്ജയ്, അഖിൽ എന്നിവരെയാണ് നേരത്തെ സസ്പെൻഡ് ചെയ്തത്. സംഭവത്തിൽ ജയിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായെന്ന് ജയിൽ മേധാവി ബൽറാം കുമാർ ഉപാധ്യായ പറഞ്ഞിരുന്നു.

# എം.ടെക് ട്രാൻസലേഷണൽ എൻജിനിയറിങ്ങിൽ സ്പോട്ട് അഡ്മിഷൻ

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എപിജെ അബ്ദുൽ കലാം ടെക്നോളജിക്കൽ സർവകലാശാലയുടെ സഹകരണത്തോടെ ഗവ. എൻജിനീയറിങ് കോളജ്, ബാർട്ടൺഹിൽ 2015 മുതൽ നടത്തിവരുന്ന എം.ടെക് ട്രാൻസലേഷണൽ എൻജിനീയറിങ് പ്രോഗ്രാമിലേക്ക് 31ന് രാവിലെ 10ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദ വിവരങ്ങൾക്ക്: 000.ഴലരയവ.മര.ശി / www.tplc.gecbh.ac.in. ഫോൺ: 7736136161, 9995527866, 9995527865.

# നിഷിന്റെ ബിരുദദാന ചടങ്ങ് 30 ന് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യും

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) ജൂലൈ 30 ബുധനാഴ്ച വിവിധ അക്കാദമിക് പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സംഘടിപ്പിക്കുന്നു. തിരുവനന്തപുരത്തെ ടാഗോർ തിയേറ്ററിൽ നടക്കുന്ന ചടങ്ങ് ഉന്നത വിദ്യാഭ്യാസ, സാമൂഹിക നീതി മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. പ്രശസ്ത എഴുത്തുകാരി ഖൈറുന്നീസ എ, വിശിഷ്ടാതിഥിയായിരിക്കും. ചടങ്ങിൽ ഇന്ത്യൻ ആംഗ്യഭാഷാ വിവർത്തനം ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0471-2944666/ 601/ 622. ഇമെയിൽ: 1ശവെശിളീ@ിശവെ.മര.ശി .

# ക്ലേ വർക്കർ തസ്തികയിൽ ഒഴിവ്

ഫൈൻ ആർട്സ് കോളേജിലെ ശിൽപശാല വിഭാഗത്തിൽ ക്ലേ വർക്കർ തസ്തികയിലേക്ക് താൽക്കാലിക/ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വേണ്ടിയുള്ള കൂടിക്കാഴ്ച ആഗസ്റ്റ് 4 ന് രാവിലെ 11 ന് തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ നടക്കും. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യവും സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ടെറാകോട്ട്വെയർ ആൻഡ് ക്ലേ മോഡലിങ് മാനുഫാക്ചറിങ്ങിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജനന തീയതി, അവാർഡ്, പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ളത് എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം പ്രിൻസിപ്പലിന് മുമ്പാകെ ഹാജരാകണം.

# പി.ജി ദന്തൽ കോഴ്സ്: അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ വിവിധ സർക്കാർ ദന്തൽ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകളിലെയും 2025-ലെ പി.ജി.ദന്തൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് 000.രലല.സലൃമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ നൽകിയ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചത്. ഇതു സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കു അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ആഗസ്റ്റ് 3 വൈകിട്ട് 4 മണിക്കകം പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന തുക അതാത് കോളേജുകളിൽ അടയ്ക്കണം. അലോട്ട്മെന്റ് ലഭിച്ചതിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 0471-2332120, 2338487.

# സ്പോട്ട് അഡ്മിഷൻ

2025-26 അദ്ധ്യയന വർഷത്തേക്കുള്ള മൂന്നുവർഷത്തെ റെഗുലർ ഡിപ്ലോമ പ്രവേശനത്തിനായി നെടുമങ്ങാട് ഗവ. പോളിടെക്ക്നിക്ക് കോളേജിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ ജൂലൈ 31 രാവിലെ 9 ന് നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളേജിൽ നടക്കും. 2025-26 വർഷത്തേക്കുള്ള ഡിപ്ലോമ പ്രവേശനത്തിൽ ഓൺലൈനായി ഇതുവരെ അപേക്ഷിക്കാത്തവർക്ക് ഓൺലൈൻ ആയോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ അപേക്ഷ സമർപ്പിക്കാം. അപേക്ഷകർ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിരിക്കുന്ന ഫീസും (ഒരുലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർ 1000 രൂപയും ഒരുലക്ഷത്തിനു മുകളിൽ വരുമാനമുള്ളവർ 4215 രൂപയും (QR കോഡ് വഴി) ജഠഅ ഫണ്ട്. ജഹമരലാലിᇀ, (2750 രൂപ ഉൾപ്പെടെ രക്ഷകർത്താവിനോടൊപ്പം കൃത്യ സമയത്ത് ഹാജരാകണം. വിശദ വിവരങ്ങൾക്ക്: www.polyadmission.org.let .

# ക്യാഷ് അവാർഡിനും സ്കോളർഷിപ്പിനും അപേക്ഷ ക്ഷണിച്ചു

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ അംഗത്വം ലഭിച്ച് ഒരു വർഷം പൂർത്തിയാക്കിയ തൊഴിലാളികളുടെ മക്കളിൽ നിന്ന് ക്യാഷ് അവാർഡിനും സ്കോളർഷിപ്പിനും അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ സ്റ്റേറ്റ് സിലബസിൽ എല്ലാ വിഷയത്തിലും എ പ്ലസ്, സി.ബി.എസ്.ഇ വിഭാഗത്തിൽ എ1, ഐ.സി.എസ്.ഇ വിഭാഗത്തിൽ എല്ലാ വിഷയത്തിലും 90 ശതമാനത്തിലും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഡ്രിഗ്രി, പി ജി (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) കോഴ്സുകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്കും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രാഗത്ഭ്യം ലഭിച്ച വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡിനായി അപേക്ഷ നൽകാം. 2025-26 അദ്ധ്യയനവർഷത്തിൽ അദ്ധ്യയനവർഷത്തെ പ്ലസ് വൺ മുതൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ വരെയും, പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള വിവിധ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകളും നൽകും. അപേക്ഷകൾ www.peedika.kerala.gov.in വഴി നൽകണം. അപേക്ഷ ഒക്ടോബർ 31 വരെ സ്വീകരിക്കും. വിശദവിവരങ്ങൾക്ക്: 0471-2572189.

# എം.ബി.എ. ട്രാവൽ ആൻഡ് ടൂറിസം സ്പോട്ട് അഡ്മിഷൻ

കേരള സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലെ സ്ഥാപനമായ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) എം.ബി.എ പ്രോഗ്രാമിന്റെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 30, 31 തീയതികളിൽ നടത്തും. കേരള സർവകലാശാലയുടെ കീഴിൽ എ.ഐ.സി.റ്റി.ഇ യുടെ അംഗീകാരത്തോടെ നടത്തുന്ന എം.ബി.എ. പ്രോഗ്രാമിന് 50 ശതമാനം മാർക്കോടുകൂടിയ ബിരുദവും കെമാറ്റ് / സിമാറ്റ് യോഗ്യതയുമുള്ളവർക്ക് പങ്കെടുക്കാം. ട്രാവൽ ആൻഡ് ടൂറിസം മേഖലയിൽ പ്ലേസ്മെന്റ് സൗകര്യവും നൽകും. അഡ്മിഷനായുള്ള ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും ജൂലൈ 30, 31 തീയതികളിൽ രാവിലെ 10.30 ന് കിറ്റ്സ് തിരുവനന്തപുരം ക്യാമ്പസിൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 9645176828, 9446529467.

# ഗ്രാഫിക് ലക്ചറർ തസ്തികയിൽ കൂടിക്കാഴ്ച

കോളേജ് ഓഫ് ഫൈൻ ആർട്സിലെ പെയിന്റിങ് വിഭാഗത്തിൽ ഗ്രാഫിക്സ് (ുൃശി ാമസശിഴ) ലക്ചറർ തസ്തികയിലേക്ക് താൽക്കാലിക/ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വേണ്ടിയുള്ള കൂടിക്കാഴ്ച ആഗസ്റ്റ് 4ന് രാവിലെ 10.30ന് തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻ ആർട്സ് കേരളയിൽ വച്ച് നടത്തുന്നു. അംഗീകൃത സർവകലാശലയിൽ നിന്നും ഗ്രാഫിക്സ്-പ്രിന്റ് മേക്കിങ്ങിൽ ഫസ്റ്റ് ക്ലാസ്/ സെക്കന്റ് ക്ലാസ് ബിരുദമോ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ ഗ്രാഫിക്സിൽ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ പെയിന്റിംഗിൽ 55 ശതമാനം മാർക്കിൽ കുറയാത്ത ഡിപ്ലോമയും ഗ്രാഫിക്സിൽ സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവുമാണ് യോഗ്യത. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജനന തീയതി, അവാർഡ്, പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ളത് തെളിയിക്കുന്ന രേഖകൾ സഹിതം പ്രിൻസിപ്പാളിനു മുമ്പാകെ ഹാജരാകണം.

# ഫാഷൻ ഡിസൈനിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൽ സ്പോട്ട് അഡ്മിഷൻ

അരുവിക്കര ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് നടത്തുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് ഏതാനും സീറ്റുകളിൽ ഒഴിവുണ്ട്. എസ്.എസ്.എൽ.സി.യാണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല. കോഴ്സിൽ പ്രധാനമായും വസ്ത്ര നിർമ്മാണം, അലങ്കാരം, രൂപകല്പന, വിപണനം എന്നീ മേഖലകളിൽ ശാസ്ത്രീയമായ പരിശീലനം നൽകും. പരമ്പരാഗത വസ്ത്ര നിർമ്മാണത്തോടൊപ്പം കമ്പ്യൂട്ടർ അധിഷ്ഠിത ഫാഷൻ ഡിസൈനിംഗിലും പ്രാവീണ്യം ലഭിക്കും. ആറ് ആഴ്ച നീണ്ടു നിൽക്കുന്ന ഇൻഡസ്ട്രി ഇന്റേൺഷിപ്പ്, വ്യക്തിത്വമികവും ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനവും നൽകും. കോഴ്സിന് ചേരാൻ താൽപര്യമുള്ളവർ ആഗസ്റ്റ് 5 രാവിലെ 10 ന് മണിക്ക് നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ ആവശ്യമായ അസ്സൽ രേഖകളും ഫീസുമായി എത്തണം. വിശദവിവരങ്ങൾക്ക്: 0472-2812686, 9074141036, 9895543647, 8606748211, 7356902560.

# ബി.ടെക് ലാറ്ററൽ എൻട്രി: സ്പോട്ട് അഡ്മിഷൻ

തൃശൂർ സർക്കാർ എൻജിനിയറിങ് കോളേജിലെ 2025-26 അധ്യയന വർഷത്തിലെ ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സിലെ ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനം നേടുന്നതിന് 30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദ വിവരങ്ങൾക്ക് : www.gectcr.ac.in .

# പ്രൊഫസർ തസ്തികയിൽ നിയമനം

സിമെറ്റ് കോളേജ് ഓഫ് നഴ്സിങ്ങിൽ പ്രൊഫസർ / അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് 5 ന് വൈകിട്ട് 5 മണിക്കകം അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക്: www.simet.in, 0471-2302400, 8590830453.

# ഭാവി വികസനത്തിന് പുതിയ നേതൃനിരയെ വളർത്തിയെടുക്കുന്നത് കേന്ദ്ര പ്രമേയം ജൂലൈ 30 ന് ഗവർണർ ഉദ്ഘാടനം ചെയ്യും

## വിവിധ മേഖലകളിലെ വിദഗ്ധർ പ്രഭാഷകരായെത്തും

തിരുവനന്തപുരം: ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻറെ (ടിഎംഎ) ദ്വിദിന വാർഷിക മാനേജ്മെൻറ് കൺവെൻഷൻ 'ട്രിമ 2025' ജൂലൈ 30 ന് വൈകിട്ട് 5ന് ഹോട്ടൽ ഒ ബൈ താമരയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. കേരളത്തിൻറെ സാമ്പത്തിക സാമൂഹിക വികസനത്തിന് നേതൃത്വം നല്കാൻ കഴിവുള്ള മികവുറ്റ നേതൃനിരയെ വളർത്തിയെടുക്കുന്ന കേന്ദ്രമായി തലസ്ഥാനമേഖലയെ മാറ്റാനുള്ള രൂപരേഖ സമ്മേളനം മുന്നോട്ട് വെയ്ക്കും.

വിവിധ മേഖലകളിലെ വിദഗ്ധർ പ്രഭാഷകരായി പങ്കെടുക്കുന്ന കൺവെൻഷനിൽ കേരളത്തിൻറെ സുസ്ഥിര സാമൂഹിക-സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ആശയങ്ങളും കാഴ്ചപ്പാടുകളും പങ്കുവെയ്ക്കും. ടിഎംഎയുടെ 40-ാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന കൺവെൻഷൻറെ പ്രമേയം 'ലീഡർഷിപ്പ് ഫോർ എമർജിംഗ് വേൾഡ് - നാവിഗേറ്റിംഗ് ടെക്നോളജി, എൻറർപ്രണർഷിപ്പ് ആൻഡ് സോഷ്യൽ വെൽ-ബീയിംഗ്' എന്നതാണ്.മികച്ച പ്രതിഭകളുടെ സാന്നിധ്യം, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, പ്രധാന സ്ഥാപനങ്ങളുടെ സാന്നിധ്യം എന്നീ അനുകൂല ഘടകങ്ങൾ പ്രയോജനപ്പെടുത്തി ഭാവിയിലേക്കുള്ള ബിസിനസ് നേതൃനിരയെ രൂപപ്പെടുത്തുന്ന മികവിൻറെ കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ഇത്തവണത്തെ കൺവെൻഷൻ വേദിയാകുമെന്ന് ടിഎംഎ പ്രസിഡൻറ് ജി. ഉണ്ണികൃഷ്ണൻ പറഞ്ഞു. സ്കൂൾ തലത്തിൽ ആരംഭിച്ച് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് എത്തുന്ന വിധമായിരിക്കണം ഒരു മികവിൻറെ കേന്ദ്രത്തെ വളർത്തിക്കൊണ്ടു വരേണ്ടത്. ഈയൊരു വിശാല കാഴ്ചപ്പാടിലൂന്നിയുന്ന ആശയവിനിമയം കൺവെൻഷനിൽ സാധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നൂതന സാങ്കേതികവിദ്യകളും സുസ്ഥിര വികസന മാതൃകകളും ഉപയോഗപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്തിൻറെ പ്രശംസനീയമായ സാമൂഹിക വികസന നേട്ടങ്ങളെ സാമ്പത്തിക പുരോഗതിയുമായി സംയോജിപ്പിച്ചുകൊണ്ട് കേരളത്തിൻറെ വളർച്ച സാധ്യമാക്കുന്നതിനെക്കുറിച്ച് കൺവെൻഷനിൽ ചർച്ച ചെയ്യുമെന്ന് ട്രിമ ചെയർമാനും എച്ച്എൽഎൽ ലൈഫ് കെയറിൻറെ മുൻ സിഎംഡിയുമായ ഡോ. എം. അയ്യപ്പൻ പറഞ്ഞു. ശാസ്ത്രം, മാനേജ്മെൻറ്, സാങ്കേതികവിദ്യ, സാമൂഹിക വികസനം എന്നിവ തമ്മിലുള്ള വൈജ്ഞാനിക കൈമാറ്റത്തിനുള്ള വേദി എന്ന നിലയിൽ വെല്ലുവിളികൾക്കൊപ്പം അവസരങ്ങളും ഉറപ്പാക്കുന്ന നേതൃ മാതൃകകളിലേക്ക് കൺവെൻഷൻ കടന്നു ചെല്ലുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രണ്ട് ദിവസത്തെ പരിപാടിയുടെ സമാപന ചടങ്ങിൽ തിരുവിതാംകൂർ രാജകുടുംബാംഗമായ പൂയം തിരുനാൾ ഗൗരി പാർവതി ഭായി മുഖ്യാതിഥിയായിരിക്കും. സമാപന സെഷനിൽ മുൻ ഇന്ത്യൻ അംബാസഡർ ടി പി ശ്രീനിവാസൻ മുഖ്യ പ്രഭാഷണവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം സർക്കിൾ ജനറൽ മാനേജർ സുശീൽ കുമാർ പ്രത്യേക പ്രഭാഷണവും നടത്തും. ടിഎംഎ യുടെ സീനിയർ വൈസ് പ്രസിഡൻറ് സുരേഷ് കുമാർ. ബി നന്ദി പ്രകാശിപ്പിക്കും.

കേരളത്തെ ബാധിക്കുന്ന നിർണായക പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള വേദിയായി ട്രിമ 2025 മാറും. മാനേജ്മെൻറ്-വ്യവസായ പ്രമുഖർ, നയരൂപീകരണ-അക്കാദമിക് വിദഗ്ധർ എന്നിവർ കൺവെൻഷനിൽ പങ്കെടുക്കും. വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റേഴ്സ് തുടങ്ങിയവർ പ്രതിനിധികളുമായി കാഴ്ചപ്പാടുകൾ പങ്കുവയ്ക്കും.

'ഊർജ്ജസ്വലമായ നേതൃത്വത്തിനായി മാറ്റങ്ങളെയും നവീകരണത്തെയും സ്വീകരിക്കൽ', 'ടെക് ഡിസ്റപ്റ്റേഴ്സ് ആൻഡ് ഡിജിറ്റൽ എവല്യൂഷൻ: എഐ, ഓട്ടോമേഷൻ ആൻഡ് ഇൻഡസ്ട്രി 4.0', 'സാമൂഹ്യക്ഷേമം സാധ്യമാക്കുന്നതിനായുള്ള വെല്ലുവിളികളെ അഭിസംബോധന ചെയ്യൽ', 'ആഗോള വെല്ലുവിളികൾ അഭിസംബോധന ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിൻറെ പങ്ക്', 'ഇറ്റ്സ് ആൾ എബൗട്ട് ഇന്നൊവേഷൻ സക്സസ് ആൻഡ് ഗ്രോത്ത്' എന്നിവ ട്രിമ 2025 ലെ പ്രധാന സെഷനുകളിൽ ഉൾപ്പെടുന്നു.സതേൺ എയർ കമാൻഡിലെ എയർ ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫ് എയർ മാർഷൽ മനീഷ് ഖന്ന, മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ, എയർ മാർഷൽ (റിട്ട) ഐപി വിപിൻ എന്നിവർ പ്രധാന സെഷനുകളിൽ സംസാരിക്കും.ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ, കേരള ഹെൽത്ത് സയൻസസ് വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ, ക്ലസ്റ്റർ യൂണിവേഴ്സിറ്റി ഓഫ് ജമ്മു വി സി ഡോ. കെ. എസ്. ചന്ദ്രശേഖർ, കാലിക്കറ്റ് ഐഐഎം പ്രൊഫസറും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുൻ വൈസ് ചാൻസലറുമായ ഡോ. സജി ഗോപിനാഥ്, മുൻ ഡിജിപി ജേക്കബ് പുന്നൂസ്, എഡിജിപി ശ്രീജിത്ത്, അദാനി - വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രദീപ് ജയരാമൻ, കിംസ് ഹെൽത്ത് സിഎംഡി ഡോ. എം.ഐ സഹദുള്ള, മുംബൈ അവലോൺ കൺസൾട്ടിംഗ് ചെയർമാൻ രാജ് നായർ, ഗൂഗിൾ ക്ലൗഡ് ഇന്ത്യ എംഡി ശശികുമാർ ശ്രീധരൻ, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി അജു ജേക്കബ്, സഫിൻ ഇന്ത്യ ചീഫ് സസ്റ്റൈനബിലിറ്റി ഓഫീസറും എംഡിയുമായ സുജ ചാണ്ടി, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫസറായ ഡോ. അരുൺ ബി നായർ, ഐബിഎം കൊച്ചി എക്സിക്യൂട്ടീവ് ഡയറക്ടർ വിനോദ് ഖാദർ, ഹെക്സ് 20 ലാബ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ലോയ്ഡ് ജേക്കബ് ലോപ്പസ്, ജെൻ റോബോട്ടിക്സ് ഇന്നൊവേഷൻസ് ഡയറക്ടറും സിഇഒയുമായ വിമൽ ഗോവിന്ദ് എംകെ എന്നിവരും പ്രഭാഷകരായെത്തും.'ടിഎംഎ നിംസ് സിഎസ്ആർ അവാർഡ് 2025', സാമൂഹിക പ്രസക്തമായ സ്റ്റാർട്ടപ്പുകൾക്കുള്ള ടിഎംഎ-അദാനി സ്റ്റാർട്ടപ്പ് അവാർഡ്', മാനേജ്മെൻറ് മികവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥികൾക്ക് നല്കുന്ന 'ടിഎംഎ കിംസ്ഹെൽത്ത് തീം പ്രസൻറേഷൻ അവാർഡ്' എന്നിവയും ഉദ്ഘാടന സെഷനിൽ സമ്മാനിക്കും. ചിന്മയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. നിഷിത് ആനന്ദ് നയിക്കുന്ന ക്വിസ് മത്സരവും പരിപാടിയിലുണ്ടാകും.1985 ൽ സ്ഥാപിതമായ ടിഎംഎ മാനേജ്മെൻറ് മികവ് പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിര വികസനം വളർത്തുന്നതിനും പ്രതിജ്ഞാബദ്ധരായ സിഇഒമാർ, വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ എന്നിവർ ഉൾപ്പെടുന്ന ഇന്ത്യയിലെ മുൻനിര മാനേജ്മെൻറ് അസോസിയേഷനുകളിൽ ഒന്നാണ്. അഖിലേന്ത്യാ മാനേജ്മെൻറ് അസോസിയേഷനിൽ (എഐഎംഎ) ടിഎംഎ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

# ഓപ്പറേഷൻ സിന്ദൂർ നിർത്തിയത് ബാഹ്യസമ്മർദംകൊണ്ടല്ല; പാക്കിസ്ഥാൻ തോൽവി സമ്മതിച്ചെന്ന് പ്രതിരോധമന്ത്രി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ ലോക്സഭയിൽ ചർച്ച തുടങ്ങി. ഇന്ത്യയുടെ ശക്തി ലോകത്തെ അറിയിച്ച ധീരമായ നടപടിയാണ് ഓപ്പറേഷൻ സിന്ദൂറെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് സഭയിൽ പറഞ്ഞു.

പഹൽഗാം ഭീകരാക്രമണത്തിൽ പാക്കിസ്ഥാന്റെ പങ്ക് വ്യക്തമായിരുന്നു. ഭീകരർക്ക് പാക്കിസ്ഥാന്റെ സഹായം ലഭിച്ചു. മേയ് ഏഴിന് രാത്രി 1: 05ന് ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചു.

ഇന്ത്യയുടെ ഐതിഹാസിക നപടിയായിരുന്നു ഇത്. ഒമ്പത് ഭീകരകേന്ദ്രങ്ങൾ ഇന്ത്യ കൃത്യമായി തകർത്തു. നൂറിലേറെ ഭീകരർ കൊല്ലപ്പെട്ടു. വ്യക്തമായ തെളിവുകളോടെയാണ് ഇന്ത്യ ഈ വിവരം പുറത്തുവിട്ടത്. ഭീകരകേന്ദ്രങ്ങൾ തകർക്കുമെന്ന് നേരത്തേ പാക് ഡിജിഎംഒയെ ഇന്ത്യ അറിയിച്ചിരുന്നു. ഹനുമാൻ ലങ്കയിൽ ചെയ്തതുപോലെ ഇന്ത്യ പ്രവർത്തിച്ചെന്നും മന്ത്രി പറഞ്ഞു, പ്രത്യാക്രമണത്തെ ഇന്ത്യ ശക്തമായി എതിർത്തു. ഇന്ത്യയുടെ ഒരു പ്രതിരോധകേന്ദ്രവും തൊടാൻ കഴിഞ്ഞില്ല. ആധുനിക യുദ്ധസംവിധാനങ്ങൾ ഇന്ത്യ പ്രയോജനപ്പെടുത്തി.

ആക്രമണത്തിൽ ഭയന്ന പാക്കിസ്ഥാൻ ചർച്ചയ്ക്ക് തയാറായി. ഒടുവിൽ പാക്കിസ്ഥാൻ തോൽവി സമ്മതിച്ചെന്നും മന്ത്രി വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂർ നിർത്തിയതിന് പിന്നിൽ ബാഹ്യസമ്മർദമില്ലെന്നും അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ വാദം തള്ളിക്കൊണ്ട് മന്ത്രി പറഞ്ഞു. പാക്കിസ്ഥാൻ ആവശ്യപ്പെട്ടതുപകാരമാണ് സൈനിക നടപടി നിർത്തിയത്. ഓപ്പറേഷൻ സിന്ദൂർ ഇന്ത്യ അവസാനിപ്പിച്ചിട്ടില്ല. പാക് അഭ്യർഥനയിൽ മരവിപ്പിച്ചതാണ്. പാക്കിസ്ഥാൻ സാഹസത്തിന് ശ്രമിച്ചാൽ ഇത് വീണ്ടും തുടങ്ങുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# ഇന്ത്യ-പാക് സംഘർഷം അവസാനിപ്പിച്ചത് വ്യാപാര കരാർ ഉപയോഗിച്ച്; വീണ്ടും അവകാശവാദവുമായി ട്രംപ്

വാഷിംഗ്ടൺ ഡിസി: ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷം അവസാനിപ്പിച്ചത് വ്യാപാര കരാർ ഉപയോഗിച്ചാണെന്ന് വീണ്ടും അവകാശവാദം ഉന്നയിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷത്തിൽ ഇടപെട്ടത് പോലെയാണ് തായ്‌ലൻഡ്-കംബോഡിയ വിഷയത്തിലും ഇടപെട്ടത്. വ്യാപാരം തർക്കങ്ങൾ തീർക്കാൻ ഉപാധിയാക്കുന്നതിൽ അഭിമാനമെന്നും ട്രംപ് കൂട്ടിച്ചേർത്തു.

ഇരു രാജ്യങ്ങളും തമ്മിൽ ആണവയുദ്ധം ഒഴിവാക്കിയത് തന്റെ ഇടപെടൽ കൊണ്ടാണെന്നും വ്യാപാര ബന്ധം നിർത്തലാക്കുമെന്ന് ഭീഷണിപ്പെടുത്തിയാണ് താൻ ഇത് നേടിയെടുത്തതെന്നും ട്രംപ് ചൂണ്ടിക്കാട്ടു

## അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ്. സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ പാളയം സ്റ്റഡി സെൻററിൽ സ്കിൽ അപെക്സ് അക്കാദമി നടത്തുന്ന ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ആൻറ് ഹെൽത്ത് കെയർ മാനേജ്മെൻറ്, ഡിപ്ലോമ ഇൻ ഏവിയേഷൻ മാനേജ്മെൻറ് ആൻറ് എയർലൈൻ ക്യാബിൻ ക്രൂ എന്നീ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9746340093.

## സ്റ്റാഫ് നഴ്സ് കരാർ നിയമനം

മഞ്ചേരി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേവാർഡ്/ സി.ടി സ്കാൻ യൂണിറ്റ് എന്നിവിടങ്ങളിലേക്ക് സ്റ്റാഫ് നഴ്സ് തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്ക് നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർഥികളുമായി ആഗസ്റ്റ് 4 രാവിലെ 10.30 ന് മഞ്ചേരി ഗവ. മെഡിക്കൽ കോളേജ് ആശുപത്രി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേവാർഡിൽ അഭിമുഖം നടത്തും. സർട്ടിഫിക്കറ്റുകളുടെയും അസൽ/ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: www.khrws.kerala.gov.in.

# ഛത്തീസ്ഗഡിലെ കന്യാസ്ത്രീകളുടെ അറസ്റ്റ്: അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകി കേരള എംപിമാർ

ന്യൂഡൽഹി: ഛത്തീസ്ഗഡിൽ മതപരിവർത്തനമാരോപിച്ച് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവം ലോക്സഭയിൽ ഉയർത്തി കേരളത്തിൽ നിന്നുള്ള എംപിമാർ. സംഭവം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് ഹൈബി ഈഡൻ, ബെന്നി ബഹനാൻ, കെ. സുധാകരൻ എന്നിവർ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി.

മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്ന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്.

വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായ് എന്നിവർ അടിയന്തരമായി ഇടപെടണമെന്ന് എംപിമാരും രാഷ്ട്രീയനേതാക്കളും വിവിധ സംഘടനകളും ആവശ്യപ്പെട്ടിരുന്നു.

പെൺകുട്ടികളെയും സിസ്റ്റർമാരെയും പോലീസിനു പകരം ബജ്‌രംഗ്ദൾ പ്രവർത്തകർ ചോദ്യം ചെയ്യുന്ന ചിത്രങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനുനേരേ ഇത്തരം തീവ്ര സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരേ കേന്ദ്രസർക്കാരിന്റെ ഉടനടിയുള്ള ഇടപെടൽ വേണമെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി വക്താവ് ഫാ. റോബിൻസൺ റോഡ്രിഗസ് ആവശ്യപ്പെട്ടു.

ഛത്തീസ്ഗഡ് പോലീസിന്റെ അന്യായ നടപടിക്കെതിരേ ഇന്ന് കോടതിയെ സമീപിക്കുമെന്ന് സിബിസിഐ വ്യക്തമാക്കി. മാതാപിതാക്കളുടെ അനുവാദത്തോടെയാണ് കന്യാസ്ത്രീകൾ കുട്ടികളുമായി യാത്രതിരിച്ചത്. കൂടാതെ പെൺകുട്ടികൾ പ്രായപൂർത്തിയായവരുമാണ്. ഈ സാഹചര്യത്തിൽ പോലീസ് സ്വീകരിച്ച നടപടിയിൽ വ്യാപക പ്രതിഷേധമാണുയരുന്നത്. കന്യാസ്ത്രീകൾ ഇപ്പോഴും ജുഡീഷൽ കസ്റ്റഡിയിൽ തുടരുകയാണ്. പെൺകുട്ടികളുടെ മാതാപിതാക്കൾ സ്ഥലത്ത് എത്തിയതായാണ് വിവരം.

വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കോൺഗ്രസ് എംപി കെ. സി. വേണുഗോപാൽ കേന്ദ്ര ആഭ്യന്തര മന്ത്രിക്കും ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായ്ക്കും കത്തെഴുതി. പാർലമെൻറിൽ വിഷയം ഉന്നയിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മാനവസേവയ്ക്കും സാമൂഹ്യസേവനത്തിനും സ്വയം സമർപ്പിച്ച രണ്ട് കന്യാസ്ത്രീകളെയാണ് മനുഷ്യക്കടത്തു നടത്തുന്നുവെന്ന ബജ്‌രംഗ്ദളിന്റെ സത്യവിരുദ്ധമായ പരാതിയെത്തുടർന്ന് ഛത്തീസ്ഗഡ് പോലീസ് അറസ്റ്റ് ചെയ്തത്. ഇക്കാര്യത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് കേരള കോൺഗ്രസ്-എം എംപി ജോസ് കെ. മാണി പ്രധാനമന്ത്രിക്ക് കത്തെഴുതി.

രാജ്യസഭാംഗം ജോൺ ബ്രിട്ടാസും വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ഛത്തീസ്ഗഡ് മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. വിഷയം പാർലമെൻറിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് എംപിമാരായ ബെന്നി ബെഹനാൻ, ഹൈബി ഈഡൻ, ആൻറോ ആൻറണി തുടങ്ങിയവർ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. മതപരമായ പ്രവർത്തനങ്ങളെ വർഗീയ കണ്ണിലൂടെ നോക്കുന്ന സമീപനമാണ് ഇവിടെയുണ്ടായത്. ഇത് നിയമവാഴ്ചയെയും ഇന്ത്യയുടെ മതനിരപേക്ഷ സങ്കൽപ്പത്തെയും വലിയ രീതിയിൽ ബാധിക്കുമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി കുറ്റപ്പെടുത്തി. സിപിഐ നേതാക്കളായ സന്തോഷ് കുമാർ എംപി, ആനി രാജ തുടങ്ങിയവർ റായ്പുർ ആർച്ച്ബിഷപ് വിക്ടർ ഹെൻറി താക്കൂറിനെ കണ്ട് പിന്തുണ അറിയിച്ചു.

ഒരു ആദിവാസി പെൺകുട്ടി ഉൾപ്പെടെ നാല് പെൺകുട്ടികളുമായി ഉത്തർപ്രദേശിലെ ആഗ്രയിലേക്ക് പോകുകയായിരുന്ന കന്യാസ്ത്രീകളെ ഛത്തീസ്ഗഡിലെ ദുർഗ് റെയിൽവേ സ്റ്റേഷനിൽവച്ചാണ് പോലീസ് അറസ്റ്റ് ചെയ്യുന്നത്.

കന്യാസ്ത്രീകൾ നടത്തുന്ന ആശുപത്രിയിൽ മാതാപിതാക്കളുടെ സമ്മതപ്രകാരം ജോലിക്ക് പോകുകയായിരുന്ന പെൺകുട്ടികളെ മതപരിവർത്തനത്തിനായി കടത്തിക്കൊണ്ടുപോകുന്നു എന്നായിരുന്നു ആരോപണം. അറസ്റ്റിന് പിന്നാലെ കന്യാസ്ത്രീകളെ കാണാനോ നിയമപരമായ സഹായം തേടാനോ പോലീസ് അനുവദിക്കുന്നില്ലെന്ന ആരോപണവുമുണ്ട്.

## മതസ്വാതന്ത്ര്യം ഭരണഘടനാവകാശം, മിണ്ടാതിരിക്കില്ല; കന്യാസ്ത്രീകളുടെ അറസ്റ്റിൽ രാഹുൽ ഗാന്ധി

ന്യൂഡൽഹി: കന്യാസ്ത്രീകളുടെ അറസ്റ്റിനെ അപലപിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ന്യൂനപക്ഷ പീഡനമാണിത്. മതസ്വാതന്ത്ര്യം ഭരണഘടനാവകാശമാണ്. മിണ്ടാതിരിക്കില്ലെന്നും രാഹുൽ ഗാന്ധി എക്സിൽ കുറിച്ചു. രണ്ട് കന്യാസ്ത്രീകളെ ജയിലിലടച്ചു. ഇത് നീതിയല്ല. ബിജെപി-ആർഎസ്എസ് ആൾക്കൂട്ട ഭരണമാണ് നടക്കുന്നതെന്നും രാഹുൽ ഗാന്ധി പറഞ്ഞു. പാർലമെൻറിലും ഈ വിഷയം ഉന്നയിച്ചു പ്രതിപക്ഷം പ്രതിഷേധിച്ചിരുന്നു. ഇതേതുടർന്നു രാജ്യസഭയും ലോക്സഭയും സ്തംഭിച്ചിരുന്നു.

## ഓപ്പറേഷൻ മഹാദേവ്: കാഷ്മീരിൽ മൂന്നു ഭീകരരെ വധിച്ച് സൈന്യം, മരിച്ചവരിൽ പഹൽഗാം ഭീകരരും

ശ്രീനഗർ: ജമ്മു കാഷ്മീരിൽ സൈന്യം നടത്തിയ ഓപ്പറേഷൻ മഹാദേവിൽ മൂന്ന് ഭീകരരെ വധിച്ചെന്ന് റിപ്പോർട്ട്. ശ്രീനഗറിലെ മൗണ്ട് മഹാദേവിന് സമീപമുള്ള ലിഡ്വാസിലാണ് ഏറ്റുമുട്ടലുണ്ടായത്. കൊല്ലപ്പെട്ടവരിൽ രണ്ടുപേർ പഹൽഗാം ഭീകരാക്രമണത്തിൽ പങ്കെടുത്തവരാണെന്നാണ് സൂചന. 'ഓപ്പറേഷൻ മഹാദേവ്' എന്ന് പേരിട്ടിരിക്കുന്ന സൈനിക നടപടിക്ക് തുടക്കംകുറിച്ചതായി സൈന്യത്തിന്റെ ചിനാർ കോർപ്സ് എക്സ് പോസ്റ്റിൽ വ്യക്തമാക്കി.

രണ്ട് ദിവസം മുമ്പ് ഡാച്ചിഗാം വനത്തിൽ സൈന്യം സംശയാസ്പദമായ ഒരു സംഭാഷണം ട്രാക്ക് ചെയ്തിരുന്നു. തുടർന്ന് സൈന്യവും ജമ്മു കാഷ്മീർ പോലീസും സിആർപിഎഫും സംയുക്തമായി മുൽനാർ മേഖലയിൽ പരിശോധന നടത്തുകയായിരുന്നു. തുടർന്നാണ് ഏറ്റുമുട്ടലിലേക്ക് നീങ്ങിയത്. മറ്റൊരു ആക്രമണത്തിന് പദ്ധതിയിട്ട ഭീകരരാണ് വധിക്കപ്പെട്ടതെന്ന് സേനാ വൃത്തങ്ങൾ അറിയിച്ചു. പ്രദേശത്തേക്ക് കൂടുതൽ സൈന്യത്തെ അയച്ചതായും ഭീകരരെ കണ്ടെത്തുന്നതിനായി പ്രവർത്തനങ്ങൾ ശക്തമാക്കിയതായും അധികൃതർ അറിയിച്ചു.

## മലയാളി കന്യാസ്ത്രീകളുടെ അറസ്റ്റ്; ഇന്ന് ജാമ്യാപേക്ഷ നൽകില്ല

റായ്പൂർ: ഛത്തീസ്ഗഡിൽവച്ച് രണ്ട് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവത്തിൽ ഇന്ന് ജാമ്യാപേക്ഷ നൽകില്ല. കേസിലെ രേഖകളെല്ലാം ലഭിച്ച ശേഷം രണ്ട് ദിവസത്തിനകം ജാമ്യാപേക്ഷ നൽകാനാണ് സഭാ നേതൃത്വത്തിന്റെ ആലോചന.

മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്ന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്. നിലവിൽ ഇവർ ദുർഗ് സെൻട്രൽ ജയിലാണ്.

ഇവർക്കെതിരേ ഗുരുതരമായ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. സിസ്റ്റർ പ്രീതിയാണ് കേസിലെ ഒന്നാം പ്രതി. സിസ്റ്റർ വന്ദന രണ്ടാം പ്രതിയാണ്.

നിർബന്ധിത മത പരിവർത്തന നിരോധന നിയമത്തിലെ വകുപ്പും സെക്ഷൻ 4,ബിഎൻഎസ് 143 എന്നീ വകുപ്പുകളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്. പത്തു വർഷം വരെ തടവു ലഭിക്കാവുന്ന കുറ്റങ്ങളാണിത്. പെൺകുട്ടികളെ നിർബന്ധിച്ച് മതം മാറ്റിയെന്നും മനുഷ്യക്കടത്താണ് നടന്നതെന്നും സംശയിക്കുന്നുവെന്നും എഫ്ഐആറിൽ പറയുന്നു.

## കന്യാസ്ത്രീകളുടെ അറസ്റ്റ്; പാർലമെൻറിൽ പ്രതിഷേധം, ഇരുസഭകളും സ്തംഭിച്ചു

ന്യൂഡൽഹി: ഛത്തീസ്ഗഡിൽ മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിന്റെ ഇരു സഭകളും സ്തംഭിച്ചു. പ്രതിപക്ഷ ബഹളത്തെ തുടർന്നു ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവച്ചു. കേരളത്തിൽ നിന്നുള്ള എംപിമാരാണ് സഭയിൽ വിഷയം ഉന്നയിച്ചത്. ലോക്സഭയിൽ അടിയന്തര പ്രമേയത്തിനും രാജ്യസഭയിൽ ചർച്ചക്കും എംപിമാർ നോട്ടീസ് നൽകി. കോൺഗ്രസ്, മുസ്‌ലിം ലീഗ്, ആർഎസ്പി, സിപിഎം, സിപിഐ എംപിമാർ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഇരു സഭകളും ആവശ്യം അംഗീകരിച്ചില്ല. ഇതോടെ പ്രതിപക്ഷം പ്രതിഷേധിച്ചു. പിന്നാലെ ഇരു സഭകളും നിർത്തിവയ്ക്കുകയായിരുന്നു.

ലോക്സഭയിൽ വിഷയം ചർച്ച ചെയ്യാനാകില്ലെന്ന് പറഞ്ഞതോടെ സഭയുടെ നടുത്തളത്തിലേക്ക് പ്രതിപക്ഷം പ്രതിഷേധമായി ഇറങ്ങുകയായിരുന്നു. സഭയുടെ അന്തസ് കളങ്കപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് സ്പീക്കർ ഓം ബിർള പറഞ്ഞു. സഭാ ചട്ടങ്ങൾ ലംഘിച്ചെന്നും ഇത് അംഗീകരിക്കാനാകില്ലെന്നും കാണിച്ചാണ് സ്പീക്കർ സഭ നിർത്തിവച്ചത്. രാവിലെ പാർലമെൻറ് കവാടത്തിൽ കേരള എംപിമാർ പ്രതിഷേധിച്ചു. യുഡിഎഫ് പ്രതിഷേധത്തിനൊപ്പം ചേരാതെ ഇടത് എംപിമാർ പ്രത്യേകം പ്രതിഷേധിച്ചു.

## കന്യാസ്ത്രീകളുടെ അറസ്റ്റ്: പാർലമെൻറിനു പുറത്തും പ്രതിഷേധിച്ച് ഇടത് എംപിമാർ

ന്യൂഡൽഹി: ഛത്തീസ്ഗഡിൽ മതപരിവർത്തനമാരോപിച്ച് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പാർലമെൻറിനു മുന്നിൽ പ്രതിഷേധവുമായി ഇടത് എംപിമാർ. രാജ്യസഭാ എംപിമാരായ ജോൺ ബ്രിട്ടാസ്, ശിവദാസൻ, എ. എ. റഹീം, സന്തോഷ് കുമാർ, ലോക്സഭാ എംപി കെ. രാധാകൃഷ്ണൻ തുടങ്ങിയവരാണ് പ്രതിഷേധിച്ചത്. സംഭവം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് രാജ്യസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസും നൽകിയിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2025 July 29 Tuesday



# ഓണത്തിന് ഒരു ലക്ഷം പേർക്ക് തൊഴിൽ: തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്

കോഴിക്കോട്: ഓണത്തിന് ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. കോഴിക്കോട് മിയാമി കൺവെൻഷൻ സെന്ററിൽ കുടുംബശ്രീ സി.ഡി.എസ് അധ്യക്ഷമാരുടെ സംഗമം 'ഒന്നായി നമ്മൾ'-സംസ്ഥാനതല ഉദ്ഘാടനവും സി.ഡി.എസ്തല പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

വിജ്ഞാന കേരളം പദ്ധതിയുമായി സഹകരിച്ച് അടുത്ത ഒരുവർഷത്തിനുള്ളിൽ മൂന്നു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. സ്ത്രീകൾക്ക് വരുമാനലഭ്യത നേടിക്കൊടുക്കുന്നതിന്റെ ഭാഗമായി സംരംഭ രൂപീകരണത്തിൽ ഏറെ മുന്നേറി കഴിഞ്ഞു. ഇനി വരുമാന വർധനവാണ് ലക്ഷ്യം. ഇതിനു വേണ്ടിയാണ് വിജ്ഞാനകേരളം പദ്ധതിയുമായി സഹകരിച്ച് വേതനാധിഷ്ഠിത തൊഴിലുകൾ ലഭ്യമാക്കുന്നത്. കുടുംബശ്രീയെ കാലാനുസൃതമായി നവീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിലവിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇരുപത് ശതമാനമാണ്. ഇത് അമ്പത് ശതമാനമായി ഉയർത്തുന്നതുവഴി കുടുംബത്തിലും സമൂഹത്തിലും വിപ്ളവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. കൂട്ടായ്മയിലൂടെ ആർജിച്ച കരുത്താണ് കുടുംബശ്രീയുടെ മൂലധനം. വിശ്വസിച്ച് ഏതു ദൗത്യവും ഏൽപ്പിക്കാൻ കഴിയുന്ന പ്രസ്ഥാനമായി കുടുംബശ്രീ മാറി കഴിഞ്ഞു. കേരളത്തിലെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീകൾക്ക് കടന്നു വരാൻ അവസരമൊരുക്കിയത് കുടുംബശ്രീയാണ്. സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമാർജനത്തിനു വഴിയൊരുക്കിയതും ഈ പെൺകരുത്താണ്. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ഉജ്ജീവനം പദ്ധതി ഇതിന് ഏറെ സഹായകമായിട്ടുണ്ട്. നിരവധി മാതൃകാ പദ്ധതികളാണ് കുടുംബശ്രീ നടപ്പാക്കുന്നത്.1,26,000 ടൺ പാഴ്വസ്തുക്കൾ നീക്കം ചെയ്തു കൊണ്ട് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ഹരിതകർമസേന മാലിന്യസംസ്ക്കരണത്തിന് ഉത്തമമാതൃകയായി മാറിയിട്ടുണ്ട്. വയോജന രോഗീ പരിചരണ രംഗത്തെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച കെ 4 കെയർ, സ്ത്രീകൾ നയിക്കുന്ന കൊച്ചി മെട്രോ വാട്ടർ മെട്രോ എന്നിവയെല്ലാം കുടുംബശ്രീയുടെ കാര്യപ്രാപ്തിക്ക് ഉദാഹരണമാണ്. സ്ത്രീധനം പോലുള്ള സാമൂഹിക പ്രശ്നങ്ങൾക്കെതിരേ ശക്തമായ ബോധവൽക്കരണം നടത്താൻ കുടുംബശ്രീ അംഗങ്ങൾ മുന്നോട്ടു വരണം. കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിലൂടെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് നേതൃത്വം നൽകുന്ന സി.ഡി.എസ് അധ്യക്ഷമാരെ അഭിനന്ദിച്ച മന്ത്രി പുതിയ കാലത്തിന് അനുസൃതമായി കുടുംബശ്രീക്ക് പുതിയ ഊർജ്ജവും ലക്ഷ്യവും കൈവരിക്കാൻ സി.ഡി.എസ് അധ്യക്ഷമാർക്ക് കഴിയട്ടെ എന്നും ആശംസിച്ചു.



കുടുംബശ്രീ സി.ഡി.എസ് അധ്യക്ഷമാരുടെ സംഗമം -സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് നിർവഹിക്കുന്നു.

കാൽ നൂറ്റാണ്ട് മുമ്പ് രൂപീകൃതമായ കുടുംബശ്രീയിലൂടെ ദാരിദ്ര്യനിർമാർജനമെന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞ കുടുംബശ്രീ കാലാനുസൃതമായി പുതിയ ലക്ഷ്യങ്ങൾ കൂടി പ്രവർത്തനങ്ങളിൽ ഉൾച്ചേർക്കണമെന്ന് വനം-വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ജനകീയതയുടെ മുഖം നൽകി കൊണ്ട് സംഘടിപ്പിച്ച സി.ഡി.എസ് അധ്യക്ഷമാരുടെ സംഗമം പുതിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായകമാകട്ടെയെന്നും മന്ത്രി ആശംസിച്ചു.

സമൂഹത്തിലെ ഓരോ സ്ത്രീയുടെയും ആവശ്യങ്ങൾ അയൽക്കൂട്ട എ.ഡി.എസ്, സി.ഡി.എസ് തലത്തിൽ നിന്നും ഉയർന്നുവരണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറി ടി.വി അനുപമ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. ജെൻഡർ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തണം. സാമ്പത്തിക ശാക്തീകരണത്തിന് നിലവിലെ സംരംഭ രൂപീകരണത്തോടൊപ്പം മാർക്കറ്റിങ്ങ്, മാനേജ്മെന്റ്, നൈപുണ്യ പരിശീലനം എന്നീ മേഖലകളിലും മുന്നേറാൻ കഴിയണമെന്നും ടി.വി അനുപമ പറഞ്ഞു.

തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിൽ നിന്നുള്ള സി.ഡി.എസ് അധ്യക്ഷമാരാണ് കോഴിക്കോട് സംഘടിപ്പിച്ച സി.ഡി.എസ് സംഗമത്തിൽ പങ്കെടുത്തത്. രാവിലെ 9.30 മുതൽ 10 വരെ കുടുംബശ്രീ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ നിഷാദ് സി.സി പ്രത്യേക അവതരണം നടത്തി.

കുടുംബശ്രീ സി.ഡി.എസുകളുടെ നേതൃത്വത്തിൽ നടത്തിയ കഴിഞ്ഞ നാലു വർഷത്തെ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും വിവരിക്കുന്നതാണ് പ്രോഗ്രസ് റിപ്പോർട്ട്. നിലവിലെ സി.ഡി.എസ് അധ്യക്ഷമാർ 2022 ൽ ചുമതലയേറ്റ ശേഷം ഉപജീവന സാമൂഹ്യവികസന മേഖലകളിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലും നടപ്പാക്കിയ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളുമാണ് പ്രോഗ്രസ് റിപ്പോർട്ടിന്റെ ഉള്ളടക്കം. ഓരോ സി.ഡി.എസിലും നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ മറ്റു സി.ഡി.എസുകൾക്കു കൂടി മനസിലാക്കാനും പ്രാവർത്തികമാക്കുന്നതിനുമുള്ള അവസരം ലഭ്യമാക്കുകയാണ് സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്.ഉദ്ഘാടന സമ്മേളനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ടി പ്രമീള, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരസമിതി അധ്യക്ഷൻ പി.സുരേന്ദ്രൻ മാസ്റ്റർ, ചേളന്നൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി സുനിൽകുമാർ, കുടുംബശ്രീ ഗവേണിങ്ങ് ബോഡി എക്സിക്യൂട്ടീവ് അംഗം കെ.കെ ലതിക, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ശ്യാം കുമാർ കെ.യു, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് സി.ഡി.എസ് അധ്യക്ഷ റീഷ്മ പി.കെ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ റീജിയണൽ മാനേജർ ബിജിത്ത് രാജഗോപാൽ എന്നിവർ ആശംസിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കവിത പി.സി നന്ദി പറഞ്ഞു. സി.ഡി.എസ് അധ്യക്ഷമാരായ ചന്ദ്രമതി അമ്മ, കെ.പി ശ്യാമള, സൗമിനി സി.പി, രമണി എം.പി, ആർ.പി വത്സല, സുലോചന, യമുന രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

ഉദ്ഘാടന പരിപാടിക്കു ശേഷം 11.30 മുതൽ 3.30 വരെ ജില്ലകളുടെ വിഷയാവതരണവും 4.30 മുതൽ 5.30 വരെ ഓപ്പൺ ഫോറവും സംഘടിപ്പിച്ചു.

## യുഡിഎഫ് അധികാരത്തിൽ എത്തിയില്ലെങ്കിൽ രാഷ്ട്രീയ വനവാസം സ്വീകരിക്കും; വെള്ളാപ്പള്ളിക്ക് മറുപടിയുമായി സതീശൻ

തിരുവനന്തപുരം: യുഡിഎഫിനെ മികച്ച ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ താൻ രാഷ്ട്രീയ വനവാസം സ്വീകരിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. പിന്നെ തന്നെ കാണില്ലെന്നും സതീശൻ പ്രതികരിച്ചു.

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ വിമർശനത്തിന് മറുപടി പറയുകയായിരുന്നു സതീശൻ. യുഡിഎഫിന് 98 സീറ്റ് കിട്ടിയാൽ രാജിവെക്കുമെന്നാണ് വെള്ളാപ്പള്ളി പറഞ്ഞത്. 97 സീറ്റ് വരെ എന്നതിൽ അദ്ദേഹത്തിന് യാതൊരു സംശയവുമില്ല.

വെള്ളാപ്പള്ളിയെപ്പോലെ പരിണതപ്രജ്ഞനായ ഒരു സമുദായ നേതാവ്, സംസ്ഥാന രാഷ്ട്രീയം നന്നായി നിരീക്ഷിക്കുന്ന ഒരാൾ യുഡിഎഫിന് 97 സീറ്റ് വരെ കിട്ടുമെന്ന് പറഞ്ഞിട്ടുണ്ട്.

പിന്നെ ഒരു നാലഞ്ച് സീറ്റ്, നൂറ് കവിഞ്ഞുപോകാനുള്ള കാര്യം, അത് ഞങ്ങൾ കഠിനാധ്വാനം ചെയ്ത് നൂറിലധികം സീറ്റാക്കും. വെള്ളാപ്പള്ളി തന്നെക്കുറിച്ച് ഉപയോഗിച്ച ഭാഷയിൽ താൻ മറുപടി പറയുന്നില്ല. താനും വെള്ളാപ്പള്ളിയുമായി മത്സരമില്ല. യുഡിഎഫ് അധികാരത്തിലെത്തുമ്പോൾ വെള്ളാപ്പള്ളി രാജിവയ്ക്കേണ്ടതില്ലെന്നും സതീശൻ കൂട്ടിച്ചേർത്തു.

## പത്ത് വർഷംവരെ തടവ് ലഭിക്കാവുന്ന കുറ്റം; മലയാളി കന്യാസ്ത്രീകൾക്കെതിരെയുള്ള എഫ്ഐആർ പുറത്ത്

റായ്പൂർ: ഛത്തീസ്ഗഡിൽ മതപരിവർത്തനമാരോപിച്ച് അറസ്റ്റ് ചെയ്ത മലയാളി കന്യാസ്ത്രീകൾക്ക് എതിരെ ചുമത്തിയിരിക്കുന്നത് ഗുരുതരമായ വകുപ്പുകൾ. സിസ്റ്റർ പ്രീതിയാണ് കേസിലെ ഒന്നാം പ്രതി. സിസ്റ്റർ വന്ദന രണ്ടാം പ്രതിയാണ്. നിർബന്ധിത മത പരിവർത്തന നിരോധന നിയമത്തിലെ വകുപ്പും സെക്ഷൻ 4,ബിഎൻഎസ് 143 എന്നീ വകുപ്പുകളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്. പത്തുവർഷം വരെ തടവു ലഭിക്കാവുന്ന കുറ്റങ്ങളാണിത്. പെൺകുട്ടികളെ നിർബന്ധിച്ച് മതം മാറ്റിയെന്നും മനുഷ്യക്കടത്താണ് നടന്നതെന്നും സംശയിക്കുന്നുവെന്നും എഫ്ഐആറിൽ പറയുന്നു.

മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്ന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്.

പെൺകുട്ടികളെയും സിസ്റ്റർമാരെയും പോലീസിനു പകരം ബജ്രംഗ്ദൾ പ്രവർത്തകർ ചോദ്യം ചെയ്യുന്ന ചിത്രങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനുനേരേ ഇത്തരം തീവ്ര സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരേ കേന്ദ്രസർക്കാരിന്റെ ഉടനടിയുള്ള ഇടപെടൽ വേണമെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി വക്താവ് ഫാ. റോബിൻസൺ റോഡ്രിഗസ് ആവശ്യപ്പെട്ടിരുന്നു.

## പൊട്ടിവീണ വൈദ്യുതി ലൈൻ ഓഫാക്കിയില്ല; നാട്ടുകാർ കാവൽ നിന്നത് മൂന്നുനാൾ, ഒഴിവായത് വൻ ദുരന്തം

പാലാ: ഇടപ്പാടി പ്രവിത്താനം റോഡിൽ ചിറയാത്ത് ഭാഗത്ത് വെള്ളിയാഴ്ച യുണ്ടായ കാറ്റിൽ മരം വീണ് വൈദ്യുതി ലൈൻ റോഡിലേക്ക് പൊട്ടിവീണു. ലൈനിൽ വൈദ്യുതി ഉണ്ടായിരുന്നതിനാൽ നാട്ടുകാർ കെഎസ്ഇബി ഓഫീസിൽ വിവരം അറിയിച്ചെങ്കിലും അധികൃതർ ആരും എത്തിയില്ല. ഒരു ദിവസം കഴിഞ്ഞിട്ടും നിലത്ത് കിടന്ന് ലൈനിലൂടെ വൈദ്യുതി പ്രവഹിച്ചതിനാൽ നാട്ടുകാർ നേരിട്ട് ഭരണങ്ങാനം സെക്ഷൻ ഓഫീസിലെത്തി വിവരം അറിയിച്ചെങ്കിലും തകരാർ പരിഹരിക്കാനോ ലൈൻ ഓഫ് ആക്കാനോ അധികൃതർ തയാറായില്ല.

നിരവധി വാഹനങ്ങളും കാൽനടയാത്രക്കാരും കടന്നുപോകുന്ന ഈ വഴിയിൽ ലൈനിൽ വൈദ്യുതി ഉണ്ടെന്ന മുന്നറിയിപ്പുമായി മൂന്നു നാൾ നാട്ടുകാർ കാവൽ നിന്നു. ഒടുവിൽ ഉന്നത ഉദ്യോഗസ്ഥരെ വിളിച്ച് അറിയിച്ചതിനെ തുടർന്ന് ഞായറാഴ്ച ഉച്ചയോടെയാണ് ലൈൻ ഓഫാക്കിയത്.

കടുത്ത അനാസ്ഥയാണ് കെഎസ്ഇബി അധികൃതർ നടത്തിയതെന്നും ഇവർക്കെതിരേ നടപടിയെടുക്കണമെന്നും പ്രദേശവാസികൾ പറഞ്ഞു.

ലൈനിൽ ഇലക്ട്രോണിക് ടെസ്റ്റർ ഉപയോഗിച്ച് നാട്ടുകാർ വൈദ്യുതി പരിശോധിച്ചപ്പോൾ 230 വോൾട്ട് വൈദ്യുതി ഉണ്ടെന്ന് കണ്ടെത്തിയിരുന്നു.

## പുതുശേരി കടവിൽ തോണി മറിഞ്ഞു; ഒരാൾക്ക് ദാരുണാന്ത്യം

വയനാട്: പുതുശേരി കടവിൽ സർവീസ് നടത്തിയിരുന്ന തോണി മറിഞ്ഞ് ഒരാൾ മരിച്ചു. തിങ്കളാഴ്ചയുണ്ടായ അപകടത്തിൽ മുണ്ടക്കുറ്റി സ്വദേശി ബാലകൃഷ്ണൻ (50) ആണ് മരിച്ചത്.

അപകട സമയത്ത് തോണിയിൽ മൂന്നു പേരാണ് ഉണ്ടായിരുന്നത്. ബാലകൃഷ്ണനായിരുന്നു തോണി തുഴഞ്ഞിരുന്നത്. അപകടം നടന്നയുടനെ നാട്ടുകാരുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടത്തിയെങ്കിലും ബാലകൃഷ്ണന്റെ ജീവൻ രക്ഷിക്കാനായില്ല.

പരിക്കേറ്റ മറ്റുള്ളവർ മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സതേടി. പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. ബാലകൃഷ്ണന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.

## കൂടത്തായിക്കേസ്; റോയ് തോമസ് മരിച്ചത് സയനൈഡ് ഉള്ളിൽച്ചെന്നെന്ന് ഫോറൻസിക് സർജൻ

കോഴിക്കോട്: കൂടത്തായി കൊലപാതക പരമ്പര ക്കേസിലെ പ്രതി ജോളിക്കെതിരെ നിർണായക മൊഴിയുമായി ഫോറൻസിക് സർജൻ. ജോളിയുടെ ആദ്യ ഭർത്താവ് റോയ് തോമസ് മരിച്ചത് സയനൈഡ് ഉള്ളിൽ ച്ചെന്നാണെന്ന് ഫോറൻസിക് സർജൻ കോടതിയിൽ മൊഴി നൽകി. ഫോറൻസിക് സർജൻ ഡോ. കെ. പ്രസന്നനാണ് കോഴിക്കോട് പ്രത്യേക വിചാരണ കോടതിയിൽ നിർണായക മൊഴി നൽകിയത്. റോയിയുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ സംശയത്തെത്തുടർന്നാണ് രാസപരിശോധന നടത്തിയതെന്നും ഡോ. കെ. പ്രസന്നൻ മൊഴിനൽകി.

കടലക്കറിയിൽ സയനൈഡ് കലർത്തി ജോളി ആദ്യ ഭർത്താവ് റോയ് തോമസിനെ കൊലപ്പെടുത്തിയെന്നാണ് കേസ്. ഈ കേസിന്റെ വിചാരണയിലാണ് സയനൈഡിന്റെ സാന്നിധ്യം സ്ഥിരീകരിച്ച് ഡോക്ടർ മൊഴി നൽകിയത്.

2002 മുതൽ 2016 വരെ ഒരു കുടുംബത്തിലെ ആറു പേരെ ജോളി കൊലപ്പെടുത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്.

## വവ്വാലുകളെ കൊന്ന് കോഴിയിറച്ചിയാണെന്ന് പറഞ്ഞ് വിറ്റു; രണ്ടു പേർ അറസ്റ്റിൽ

ചെന്നൈ: വവ്വാലുകളെ കൊന്ന് കോഴിയിറച്ചിയാണെന്ന് പറഞ്ഞ് വിറ്റ രണ്ടു പേർ അറസ്റ്റിൽ. തമിഴ്നാട്ടിലെ സേലം ഒമലൂരിലെ ഡാനിഷ്പേട്ടൈയിലാണ് സംഭവം. പഴംതീനി വവ്വാലുകളെയാണ് ഇവർ കൊന്ന് മാംസം വിറ്റത്. കമൽ, സെൽവം എന്നിവരാണ് അറസ്റ്റിലായത്. തോപ്പൂർ രാമസ്വാമി ഫോറസ്റ്റ് റേഞ്ചിൽ വെടിയൊച്ചകൾ കേട്ടതായി വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിച്ചു. ഇതോടെ നടത്തിയ പട്രോളിംഗിലാണ് സംഘം പിടിയിലായത്. തുടർന്ന് ഇരുവരെയും വനംവകുപ്പ് അറസ്റ്റ് ചെയ്യുകയായിരുന്നു.ഇവർ വവ്വാലുകളെ വേട്ടയാടി മാംസം തയാറാക്കിയ ശേഷം കോഴിയിറച്ചിയാണെന്ന് പറഞ്ഞ് വിൽക്കുകയായിരുന്നു. സംഭവത്തിൽ അന്വേഷണം തുടരുകയാണ്.

## കാസർഗോട്ട് ക്ഷീരകർഷകൻ ഷോക്കേറ്റ് മരിച്ചു, പശുവും ചത്തു

കാസർഗോഡ്: ക്ഷീരകർഷകൻ ഷോക്കേറ്റ് മരിച്ചു. കോളിയടുക്കം സ്വദേശി കുഞ്ഞുണ്ടൻ ആണ് മരിച്ചത്. ഇന്ന് രാവിലെയായിരുന്നു സംഭവം. പശുവിനെ മേയ്ക്കാൻ വയലിലേക്ക് പോകുന്നതിനിടെ പൊട്ടിവീണ വൈദ്യുതി ലൈനിൽനിന്നും ഷോക്കേൽക്കുകയായിരുന്നു. ഷോക്കേറ്റ് പശുവും ചത്തു. രാവിലെ 11നാണ് പോലീസിന് വിവരം ലഭിക്കുന്നത്. ഉടൻ പോലീസ് കെഎസ്ഇബിയിൽ വിളിച്ച് വൈദ്യുതി ഓഫ് ചെയ്യാൻ നിർദേശം നൽകി. തുടർന്നു പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

## മഞ്ഞുമ്മൽ ബോയ്സ് കേസ്: സൗബിന് മുൻകൂർ ജാമ്യത്തിൽ തുടരാം; ഹർജിയിൽ ഇടപെടാതെ സുപ്രീംകോടതി

ന്യൂഡൽഹി: മഞ്ഞുമ്മൽ ബോയ്സ് സിനിമയുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് കേസിൽ നടൻ സൗബിൻ ഷാഹിറിന് മുൻകൂർ ജാമ്യത്തിൽ തുടരാം. സൗബിൻ ഉൾപ്പെടെയുള്ളവർക്ക് ഹൈക്കോടതി നൽകിയ മുൻകൂർ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയിൽ ഇടപെടാതെ സുപ്രീംകോടതി. കേസിലെ പരാതിക്കാരൻ അരൂർ സ്വദേശി സിറാജാണ് സുപ്രീം കോടതിയിൽ ഹർജി നൽകിയത്.

ഇത് സിവിൽ തർക്കമല്ലേയെന്നും, കേസുമായി ബന്ധപ്പെട്ട ആർബിട്രേഷൻ ഇപ്പോഴും നിലനിൽക്കുകയാണെന്നും ജസ്റ്റീസ് പി. എസ്. നരസിംഹ അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടി. ഇതോടെ, മുൻകൂർ ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഹർജി പിൻവലിക്കുന്നുവെന്ന് സിറാജിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ നിഖിൽ ഗോയൽ, അഭിഭാഷകൻ എ. കാർത്തിക് എന്നിവർ കോടതിയെ അറിയിച്ചു.

ചിത്രത്തിന്റെ നിർമാതാക്കളായ സൗബിൻ ഷാഹിർ, ബാബു ഷാഹിർ, ഷോൺ ആൻറണി എന്നിവർക്കാണ് ഹൈക്കോടതി നേരത്തെ മുൻകൂർ ജാമ്യം അനുവദിച്ചത്. മഞ്ഞുമ്മൽ ബോയ്സ് സിനിമയുടെ ലാഭവിഹിതത്തിന്റെ 40 ശതമാനം നൽകാമെന്ന് വാഗ്ദാനം ചെയ്ത് തന്റെ പക്കൽ നിന്ന് ഏഴു കോടി രൂപ വാങ്ങിയെന്നും സിനിമ ലാഭത്തിലായിട്ടും തനിക്ക് പണം നൽകിയില്ലെന്നുമാണ് സിറാജ് പരാതി നല്കിയിരുന്നത്.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ആസൂത്രണ ബോർഡിലേക്ക് പ്ലാൻ സ്പേസ് 2.0 പദ്ധതി നടത്തിപ്പിനായി വിവിധ തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്കും വിജ്ഞാപനത്തിനുമായി www.cmdkerala.gov.in സന്ദർശിക്കുക.

## ആർഎസ്എസിന്റെ പരിപാടിക്ക് പോകുന്നവരെ സ്ഥാനത്തുനിന്ന് മാറ്റണം: മന്ത്രി ശിവൻകുട്ടി

തിരുവനന്തപുരം: ആർഎസ്എസിന്റെ നേതൃത്വത്തിൽ നടത്തുന്ന ദേശീയ വിദ്യാഭ്യാസ ഉച്ചകോടിയിൽ ഇടത് നോമിനിയായ കുഫോസ് വിസി എ. ബിജുകുമാർ പങ്കെടുത്തതിനെതിരേ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. ആർഎസ്എസിന്റെ പരിപാടിക്ക് പോകുന്നവരെ ആ സ്ഥാനത്ത് ഇരുത്തേണ്ട കാര്യമില്ലെന്ന് മന്ത്രി പ്രതികരിച്ചു. സർക്കാർ പ്രതിനിധി സർക്കാരിന്റെ അനുവാദമില്ലാതെയായാണ് പരിപാടിയിൽ പങ്കെടുത്തത്. ഇത്തരക്കാരെ സ്ഥാനത്തുനിന്ന് മാറ്റണം. ഇക്കാര്യത്തിൽ ഉന്നതവിദ്യാഭ്യാസവകുപ്പ് നടപടി സ്വീകരിക്കണമെന്ന് മന്ത്രി പറഞ്ഞു.ആർഎസ്എസിന്റെ വിദ്യാഭ്യാസ സമ്മേളനത്തിൽ സർക്കാരിന്റെയും സിപിഎമ്മിന്റെയും വിമർശനം മുഖവിലയ്ക്കെടുക്കാതെ കേരളത്തിലെ നാല് വൈസ് ചാൻസലർമാർ പങ്കെടുത്തിരുന്നു. ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ, കാലിക്കറ്റ് സർവകലാശാല വിസി പി. രവീന്ദ്രൻ, കുഫോസ് വിസി എ. ബിജുകുമാർ, കണ്ണൂർ വിസി കെ. കെ സാജു എന്നിവർ ജ്ഞാനസഭയുടെ ഭാഗമായി വിദ്യാഭ്യാസത്തിലൂടെ വികസിത ഭാരതം എന്ന വിഷയത്തിലെ ചർച്ചയിൽ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്തെങ്കിലും ആർഎസ്എസ് മേധാവിക്കൊപ്പമുള്ള പരിപാടിയുടെ ഭാഗമായിട്ടില്ലെന്ന് ബിജുകുമാർ വിശദീകരണം നൽകിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് മന്ത്രിയുടെ പ്രതികരണം.

## തമിഴ് അപ്രന്റിസ് ട്രെയിനി അഭിമുഖം 31 ന്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സിഎൽഐഎസി അല്ലെങ്കിൽ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ഡിഗ്രി കോഴ്സ് പാസായവരിൽ തമിഴ് ഒരു വിഷയമായി പഠിക്കുകയോ അല്ലെങ്കിൽ തമിഴ് മാധ്യമത്തിൽ വിദ്യാഭ്യാസം നടത്തുകയോ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളിൽ നിന്ന് തമിഴ് അപ്രന്റിസ് ട്രെയിനിയെ നിയമിക്കുന്നതിനായി ജൂലൈ 22 ന് നടത്താനിരുന്ന അഭിമുഖം 31 ന് രാവിലെ 11.30 ന് നടത്തുമെന്ന് സ്റ്റേറ്റ് ലൈബ്രേറിയൻ അറിയിച്ചു.